
# ഹിന്ദുധർമ്മവും ഇന്ത്യൻ കമ്മ്യൂണിസവും

പി. പരമേശ്വരൻ



335.4
M2

Scanned by CamScanner

BHARATHEEYA V... 1784 TE 1280

# ഹിന്ദുധർമ്മവും ഇന്ത്യൻ കമ്മ്യൂണിസവും

Scanned by CamScanner

ഹിന്ദുധർമ്മവും ഇന്ത്യൻ കമ്മ്യൂണിസവും

ഗ്രന്ഥകർത്താ:
പി. പരമേശ്വരൻ

പ്രസിദ്ധീകരണം:
കുരുക്ഷേത്രാ പബ്ലിക്കേഷൻസ്,
കൊച്ചി

തീയതി:
15 മാർച്ച് 1982

അച്ചടി:
ആര്യഭാരതി പ്രിന്റേഴ്സ്,
കോട്ടയം

വില: 2 ക.

പുറംചട്ട:
വാസു, പ്രദീപ് ആർട്ട്സ്,
കോഴിക്കോട്

335.4
M2

# വായനക്കാരോട്

ഹിന്ദുധർമ്മവും ഇന്ത്യൻ കമ്യൂണിസവും തമ്മിലുള്ള സാമാന്യമായ ഒരു താരതമ്യ പഠനമാണ് ഈ ചെറുപുസ്തകം കൊണ്ടുദ്ദേശിക്കുന്നത്. സമഗ്രവും ഗഹനവുമായ ഒരു പഠനത്തിനുള്ള മുന്നോടി മാത്രമാണിത്. സ്വതന്ത്ര ഭാരതത്തിലെ മൗലിക ചിന്തകന്മാരിലൊരാളായിരുന്ന ഗുരുജി ഗോൾവൽക്കർ 'സിദ്ധാന്തരൂപത്തിൽ അപൂർണ്ണവും, പ്രയോഗരൂപത്തിൽ ആപൽക്കരവും' (Defective in theory and dangerous in practice) എന്നു വിശേഷിപ്പിച്ച കമ്യൂണിസത്തെ ഹിന്ദുധർമ്മവുമായി താരതമ്യപ്പെടുത്തിക്കൊണ്ടുള്ള ഒരു സമ്പൂർണ്ണ പഠനത്തിന് സഹായകമായ നിർദ്ദേശങ്ങൾ വായനക്കാരിൽനിന്നും ക്ഷണിച്ചുകൊള്ളുന്നു.

—ലേഖകൻ

Scanned by CamScanner

# ഹിന്ദുധർമ്മവും ഇന്ത്യൻ കമ്മ്യൂണിസവും

## "ദൈവസങ്കൽപത്തിന് സ്ഥാനമില്ല"

'മതം മനുഷ്യനെ മയക്കുന്ന കറപ്പാണ്'' എന്ന കാറൽ മാർക്സിന്റെ വചനം, ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാർ എല്ലാ ക്കാലത്തും ആദരിച്ചുപോന്നിട്ടുണ്ട്. വ്യാപകമായ തോതിൽ അതവർ പ്രചരിപ്പിച്ചും പോന്നിട്ടുണ്ട്. നിരീശ്വരവാദം, തുടക്കം മുതൽക്കേ മാർക്സിസത്തിന്റെ അടിസ്ഥാനതത്വമായിരുന്നു. സ്വാഭാവികമായും ഇന്ത്യൻ കമ്യൂണിസ്റ്റുകളും നിരീശ്വരത്തിന്റെ വക്താക്കളായിട്ടാണ് പ്രവർത്തിച്ചുപോന്നിട്ടുള്ളത്. ഒരു യഥാർത്ഥ കമ്യൂണിസ്റ്റുകാരൻ നിരീശ്വരവാദിയായിരിക്കണമെന്നതു് അവർക്കു നിർബ്ബന്ധമുള്ള കാര്യമാണ്. അണികളെ സംബന്ധിച്ചിടത്തോളം ഈ നിർബ്ബന്ധം പ്രാവർത്തികമാക്കാനവർക്കു കഴിഞ്ഞിട്ടില്ലെന്നതു് സത്യമാണ്. എന്നാൽ അവരുടെ അടിസ്ഥാന വിശ്വാസപ്രമാണങ്ങളിൽ പ്രധാനമായതു് നിരീശ്വരത്വമാണെന്നതിനു് സംശയമില്ല. ഈവക കാര്യങ്ങളിൽ, താരതമ്യേന ഉദാരമായ ഒരു നിലപാടു സ്വീകരിച്ചിരുന്ന, സുപ്രസിദ്ധ കമ്യൂണിസ്റ്റ് ചിന്തകൻ ശ്രീ. കെ. ദാമോദരൻ, 'ഭാരതീയ തത്വചിന്ത' എന്ന തന്റെ ഗ്രന്ഥത്തിലെഴുതുന്നതു നോക്കുക:- 'മാർക്സിസത്തിന്റെ തത്വശാസ്ത്രം നിരീശ്വരവാദപരമാണ്, ദൈവമെന്ന സങ്കല്പത്തിനു് അതിൽ സ്ഥാനമില്ല'. ഇന്ത്യൻ കമ്യൂണിസ്റ്റുകാർ, മതത്തോടു് ഒരു തുറന്ന യുദ്ധപ്രഖ്യാപനം ചെയ്തിട്ടില്ലെങ്കിലും, മതത്തെ നശിപ്പിക്കാനും, മതവിശ്വാസത്തിന്റെ അടിത്തറ മാന്തുവാനും കിട്ടുന്ന സന്ദർഭങ്ങളൊന്നും അവർ പാഴാക്കാറില്ലെന്നതു് പരസ്യമായ വസ്തുതയാണ്. ഭാരതത്തിന്റെ എല്ലാ

Scanned by CamScanner

അധഃപതനത്തിനും കാരണം, ഇവിടുത്തെ മതവിശ്വാസവും, അതിൽനിന്നുത്ഭവിച്ച 'ദുഷിച്ച പാരമ്പര്യ'ങ്ങളുമാണെന്ന് ശ്രീ. നമ്പൂതിരിപ്പാടിനെപ്പോലുള്ളവർ തുറന്നെഴുതിയിട്ടുണ്ട്.

മതത്തോടുള്ള കാറൽമാർക്സിന്റെ സമീപനമാണല്ലൊ ഇന്ത്യൻ കമ്യൂണിസ്റ്റുകളുടെ മതവിരോധത്തിനടിസ്ഥാനം. എന്നാൽ, കാറൽമാർക്സ് ഹിന്ദുമതത്തെപ്പറ്റി യാതൊന്നും പഠിച്ചിരുന്നില്ലെന്നും, ജൂഡായിസം, (അദ്ദേഹം സ്വയം ഒരു യഹൂദനായിരുന്നു) ക്രിസ്തുമതം ഇസ്ലാം മുതലായ മതങ്ങളെപ്പറ്റി മാത്രമേ അദ്ദേഹത്തിനറിവുണ്ടായിരുന്നുള്ള എന്നും ഉള്ള വസ്തുത ഇക്കൂട്ടർ മറന്നുപോകുന്നു. ഹിന്ദുമതത്തെപ്പറ്റി മാത്രമല്ല, ഇന്ത്യയെപ്പറ്റിത്തന്നെ കാറൽമാർക്സിന്ന് പരിമിതമായ അറിവേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവ് പ്രകടമാകുന്നത് Notes on India എന്ന ഗ്രന്ഥത്തിൽക്കൂടിയാണ്. ആ പുസ്തകം ആരംഭിക്കുന്നതുതന്നെ ഇസ്ലാമിന്റെ വരവിനു ശേഷമുള്ള, ഏഴാം നൂറ്റാണ്ടിൽ നിന്നാണ് എന്നത് രസകരമാണ്. അതിനുമുമ്പുള്ള അനേകായിരം കൊല്ലത്തെ ഭാരതചരിത്രം അദ്ദേഹത്തിനജ്ഞാതമായിരുന്നു. ചരിത്രാതീതകാലംതൊട്ടു നീണ്ടുകിടക്കുന്ന ഹൈന്ദവധർമ്മത്തിന്റെ യഥാർത്ഥ രൂപത്തെക്കുറിച്ച് തികച്ചും അജ്ഞനായിരുന്നു മാർക്സ്. ആ നിലയ്ക്ക് മതത്തെപ്പറ്റി അദ്ദേഹം പറഞ്ഞ കാര്യങ്ങൾ മറ്റു മതങ്ങളെ മനസ്സിൽ കണ്ടുകൊണ്ടാണ്. ആവക കാര്യങ്ങൾ വള്ളിപുള്ളി വിസർഗ്ഗം മാറ്റാതെ ഹിന്ദുമതത്തിന് ബാധകമാക്കാൻ ഇവിടെ കമ്യൂണിസ്റ്റുകാർ ശ്രമിക്കുന്നത് ബുദ്ധിവിവരക്കേടാണെന്ന് പറയാതെ നിവൃത്തിയില്ല.

## സെമിറ്റിക്മതങ്ങളും ഹിന്ദുധർമ്മവും:–

മാത്രമല്ല, കാറൽ മാർക്സിന്ന് പരിചിതമായിരുന്നത് സെമിറ്റിക് മതങ്ങളായിരുന്നു. സെമിറ്റിക്മതങ്ങളും ഹിന്ദുമതവും തമ്മിൽ മൗലികമായ വ്യത്യാസങ്ങ



ളുണ്ട്. സെമിറ്റിക് മതങ്ങൾ ഭയത്തിൽനിന്നുളവായവയാണ്. അവ സ്വേച്ഛാധിപതിയായ ഒരീശ്വരനിലും ആ ഈശ്വരനിൽ നിന്നുണ്ടായ വെളിപാട് അടങ്ങിയ ഗ്രന്ഥത്തിലും ആ ഈശ്വരൻ നിയോഗിച്ച ഒരേ ഒരു പ്രവാചകനിലുംമാത്രം വിശ്വസിക്കുകയും അവയ്ക്കു പുറത്ത് സത്യത്തിന്റെ വെളിച്ചം ഉണ്ടാവാൻ സാദ്ധ്യമല്ലെന്ന് ശഠിക്കുകയും ചെയ്യുന്നു. പോരാതെ അവ പള്ളിയും സ്റ്റേറ്റും തമ്മിലുള്ള അതിർത്തിവരമ്പുകളെ നിഷേധിക്കുകയും മതാധിഷ്ഠിതരാജ്യം എന്ന സങ്കല്പത്തെ താലോലിക്കുകയും ചെയ്യുന്നു. അതിന്റെ ഫലമായി ആദ്ധ്യാത്മികവും, ഭൗതികവുമായ അധികാരത്തിന്റെ കേന്ദ്രീകരണവും അതിൽനിന്നുണ്ടാകുന്ന സാമാന്യജനങ്ങളുടെ ചൂഷണവും സ്വാഭാവികമായിത്തീരുന്നു. മാത്രമല്ല, സെമിറ്റിക് മതങ്ങൾ അടിസ്ഥാനപരമായിതന്നെ അസഹിഷ്ണുക്കളാണ്. 'തന്റെ മതംമാത്രം സത്യമതം' എന്നു വിശ്വസിക്കുകയും മറ്റുമതക്കാരെ സ്വമതത്തിൽ ചേർക്കാനോ, അതു സാധിച്ചില്ലെങ്കിൽ അവരെ നശിപ്പിക്കാനോ ശ്രമിക്കുന്നത് മതപരമായ കടമയായി കരുതുകയും ചെയ്യുന്നവരാണ്. യൂറോപ്പിനെ, നൂറ്റാണ്ടുകളോളം യുദ്ധക്കളമാക്കി മാറ്റിയ 'കുരിശുയുദ്ധങ്ങൾ', ഇന്ന് ചരിത്രത്തിലെ ഇരുളടഞ്ഞ അദ്ധ്യായങ്ങളാണല്ലോ. അതിനു പുറമേ, സെമിറ്റിക്മതങ്ങൾ ഫ്യൂഡലിസത്തിനും ഫ്യൂഡലിസം സെമിറ്റിക്മതങ്ങൾക്കും അന്യോന്യം പിൻതുണയായി വർത്തിക്കുകയും, പാവപ്പെട്ടവരെ ചൂഷണത്തിന് വിധേയരാക്കുകയും ചെയ്തു. ഇത്തരം അനുഭവങ്ങളുടെ വെളിച്ചത്തിൽ, കാറൽമാർക്സിന്റെ 'ധാർമ്മികബോധവും' 'ധാർമ്മികരോഷവും' മതത്തിനെതിരായി തിരിഞ്ഞില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. എന്നാൽ, ഹിന്ദുമതത്തിന്റെ സ്വഭാവം, സെമിറ്റിക് മതങ്ങളുടേതിൽനിന്ന് തികച്ചും വിഭിന്നമായിരുന്നു. ഹിന്ദുമതത്തിന്റെ നീണ്ട ചരിത്രത്തിൽ കറുത്തവശങ്ങളോ ഇരുണ്ട അദ്ധ്യായങ്ങളോ ഉണ്ടായിട്ടില്ലെന്നല്ല. എന്നാൽ നിഷ്പക്ഷമായി നിരീക്ഷണം നടത്തുന്ന ഏതൊരാൾക്കും, ഹിന്ദുമതത്തിന്റെ സഹിഷ്ണുത, അപൗരുഷേയത്വം, മതത്തിന്റെയും സ്റ്റേറ്റി

Scanned by CamScanner

ന്റെയും അധികാര വിഭജനത്തിലുള്ള വിശ്വാസം, സാമ്പത്തികചൂഷണത്തിനെതിരായി അതു സ്വീകരിച്ചുപോന്നിട്ടുള്ള നിലപാടു് എന്നിവ ബോദ്ധ്യപ്പെടും. ഇടയ്ക്കിടെ നേരിട്ട അധഃപതനത്തിന്റെ കാലത്തു്, പ്രത്യേകിച്ചു് വിദേശീയാക്രമണകാരികളോടു് പോരാടേണ്ടിവന്ന സഹസ്രാബ്ദങ്ങളിൽ, അനിവാര്യമായും സംഭവിച്ചിട്ടുള്ള വൈകല്യങ്ങളെ ഹിന്ദുമതത്തിന്റെ യഥാർത്ഥരൂപമാണെന്നു് തെറ്റിദ്ധരിക്കാതിരുന്നാൽ, ആർക്കും മേൽപറഞ്ഞ അഭിപ്രായത്തോടു് വിയോജിക്കേണ്ടിവരില്ല.

## ''ഹിന്ദുമതം പുരോഗമന ശക്തിയായിരുന്നു''

ഹിന്ദുമതം, പുരോഗമനാത്മകമായ ഒരു പങ്കാണു് ഭാരതത്തിന്റെ ചരിത്രത്തിൽ പ്രധാനമായും വഹിച്ചിട്ടുള്ളതെന്നു് 'ഭാരതീയതത്ത്വചിന്ത'യിൽ ശ്രീ. ദാമോദരൻ പലയിടത്തും ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നു:—''.......ഇതിന്റെ അർത്ഥം മതം അതിന്റെ എല്ലാ രൂപങ്ങളിലും എല്ലാകാലത്തും പിന്തിരിപ്പൻ സ്ഥാപിത താല്പര്യക്കാരുടെ ഒരായുധമായിരുന്നെന്നോ അതു് 'മനുഷ്യനെ ചെറുതാക്കുകയും അവന്റെ മഹത്വത്തെ ക്ഷതപ്പെടുത്തുകയും ചെയ്യുന്ന മുഖ്യമായ പ്രത്യയശാസ്ത്രോപാധികളിലൊന്നാണു്'' എന്നോ അല്ല. മർദ്ദിതരും ചൂഷിതരും ആയ ജനവിഭാഗങ്ങൾക്കെതിരായി നടത്തിയ ലൗകികസമരങ്ങൾ പലപ്പോഴും മതത്തിന്റെയും ആദ്ധ്യാത്മികതയുടെയും ആവരണങ്ങളണിഞ്ഞവയായിരുന്നു. ഭക്തിപ്രസ്ഥാനത്തിൽ ഇതു് പ്രകടമായിക്കാണാം. എല്ലാ മനുഷ്യരും ദൈവത്തിന്റെ സന്താനങ്ങളാണെന്നും അതുകൊണ്ടു് എല്ലാവരും സമന്മാരാണെന്നും പ്രഖ്യാപിച്ച കബീറും ചൈതന്യനും മററു ഭക്തിപ്രസ്ഥാനനേതാക്കന്മാരും യഥാർത്ഥത്തിൽ നിലവിലുള്ള അനീതികൾക്കും അസമത്വങ്ങൾക്കും എതിരായി പോരാടാൻ ജനങ്ങളെ ഉത്ബുദ്ധരാക്കുകയാണു് ചെയ്തതു്.''

ആധുനികഭാരതത്തിന്റെ ആദ്ധ്യാത്മികാചാര്യനായിരുന്ന സ്വാമിവിവേകാനന്ദനെപ്പററി കെ. ദാമോദരനു്



പറയാനുള്ളതു് ഇതാണു്:—''റഷ്യയിലെ സോഷ്യലിസ്റ്റ് വിപ്ലവമുണ്ടാകുന്നതിനു് രണ്ടുദശകങ്ങൾക്കു മുമ്പു തന്നെ, ഈ മഹാനായ മനുഷ്യൻ ഇന്ത്യയിൽ സോഷ്യലിസത്തിന്റെ മുദ്രാവാക്യം മുഴക്കി എന്നതു് എടുത്തുപറയത്തക്കതാണു്. യുവതലമുറയ്ക്കു് അദ്ദേഹം പ്രചോദനത്തിന്റെ ഒരു വലിയ ഉറവിടമായിതീർന്നതിലതിശയമില്ല' 'മതം മനുഷ്യനിലന്തർലീനമായ ദൈവികത്വത്തിന്റെ പ്രകാശനമാണു്'' എന്നു്, മതത്തെ നിർവ്വചിക്കുകയും, അതിനുവേണ്ടി ജീവിതം ഉഴിഞ്ഞു വെക്കുകയും ചെയ്ത വിവേകാനന്ദൻ എത്ര ദീർഘദർശിയും പുരോഗമനാശയക്കാരനുമായിരുന്നുവെന്നു് കമ്യൂണിസ്റ്റാചാര്യനായ ദാമോദരൻ തന്നെ വിളിച്ചോതുന്നതു് നോക്കുക.

ഹിന്ദുമതത്തിന്റെ അടിസ്ഥാനശിലയും അനിവാര്യഘടകവുമെന്നു് പലപ്പോഴും തെററായി വ്യാഖ്യാനിക്കപ്പെടുന്ന വർണ്ണവ്യവസ്ഥയെപ്പോലും, ഒരു പുരോഗമന ശക്തിയായിട്ടാണു് ദാമോദരൻ കാണുന്നതു്. ''ഈ വർണ്ണവിഭജനം, ആരംഭത്തിൽ സാമൂഹ്യപുരോഗതിയെ ത്വരിതപ്പെടുത്തുകയാണു് ചെയ്തതു്. കൃഷിയും കച്ചവടവും അഭിവൃദ്ധിപ്പെട്ടു. കലയും സാഹിത്യവും തത്ത്വചിന്തയും ജ്യോതിശ്ശാസ്ത്രം തുടങ്ങിയ ശാസ്ത്രങ്ങളും ജനങ്ങളുടെ മാനസികനിലവാരത്തെ ഉയർത്തി.''

ഇങ്ങനെ വൈദിക കാലംമുതൽ ആധുനിക കാലംവരെ പൊതുവേ ഒരു പുരോഗമന ശക്തിയായി പ്രവർത്തിച്ചിരുന്ന ഹിന്ദുമതത്തെപ്പററി മനസ്സിലാക്കാതെയാണു്, മതം കറുപ്പാണെന്നു് കാറൽമാർക്സ് എഴുതിയതു്. മാർക്സിസത്തിന്റെ ആവിർഭാവത്തെക്കുറിച്ചു്. 'ഭാരതീയ തത്ത്വചിന്ത'യിൽ പറയുന്ന ഭംഗംതന്നെ ഇതിനു തെളിവാണു്. ''യൂറോപ്പിലെ മതപുനരുദ്ധാരണത്തിന്റെയും നവോത്ഥാനത്തിന്റെയും അതിനെത്തുടർന്നുണ്ടായ സാമൂഹ്യസാമ്പത്തിക വിപ്ലവങ്ങളുടെയും കാലഘട്ടത്തിലെ ദാർശനിക ചിന്തകളിലടങ്ങിയ മാനുഷികമൂല്യങ്ങളുടെ യുക്തിയുക്തമായ പരിണാമമെന്ന നിലയ്ക്കാണു് മാർ

Scanned by CamScanner

ക്സിസം ആവിർഭവിച്ചതു്''. ഇതിൽനിന്നും, ഭാരതീയ തത്ത്വചിന്ത മാർക്സിനു് അപരിചിതമായിരുന്നു എന്നു വ്യക്തം. ആ നിലയ്ക്കു്, മതത്തെക്കുറിച്ചുള്ള മാർക്സിന്റെ നിർവ്വചനം, ഹിന്ദുമതത്തിനു് ബാധകമാകാൻ സാദ്ധ്യമല്ല. അതുകൊണ്ടുതന്നെയാണല്ലൊ ഹിന്ദുമതം താരതമ്യേന ഒരു പുരോഗമനശക്തിയായിട്ടാണ്—കറുപ്പായിട്ടല്ല വർത്തിച്ചിരുന്നതെന്നു് പ്രമുഖ കമ്യൂണിസ്റ്റ് ചിന്തകനായ ദാമോദരനു് തന്നെ ഒടുവിൽ സമ്മതിക്കേണ്ടിവന്നതു്.

## മതം കറപ്പോ അമൃതോ?

മതത്തോടുള്ള യാഥാസ്ഥിതിക മാർക്സിസ്റ്റ് സമീപനം വിട്ടുവീഴ്ചയില്ലാത്ത എതിർപ്പിന്റേതായിരുന്നു എന്നു് നാം കണ്ടുകഴിഞ്ഞു. അതിനടിസ്ഥാനമായി അവർ അംഗീകരിച്ചിരുന്ന തത്ത്വം, 'മതം മനുഷ്യനെ മയക്കുന്ന കറുപ്പാണു്'' എന്ന മാർക്സിന്റെ വചനവുമായിരുന്നു. എന്നാൽ ഇതിൽ ഒരു ഒളിച്ചുകളിയുണ്ടായിരുന്നു. ഈയിടെ അതു വെളിച്ചത്തുവന്നു. ഒരു ചോദ്യത്തിനുത്തരമായി, 'ചിന്ത' വാരികയിലൂടെ നമ്പൂതിരിപ്പാടിനു് തുറന്നു സമ്മതിക്കേണ്ടിവന്നു, മേൽപറഞ്ഞ കാറൽ മാർക്സിന്റെ വചനം പൂർണ്ണമായ സത്യമല്ല, നേരെമറിച്ചു് അദ്ദേഹം മതത്തെപ്പററി പറഞ്ഞതിൽനിന്നു് അടർത്തിയെടുത്ത ഒരു വാചകംമാത്രമാണെന്നു്. മാർക്സ് മതത്തെക്കുറിച്ചെഴുതിയ ഭാഗങ്ങൾ നമ്പൂതിരിപ്പാടു് ഉദ്ധരിക്കുകയും ചെയ്തു. അതിന്റെ പ്രസക്തഭാഗം ഇങ്ങിനെയാണു്:—''ഈ തലതിരിഞ്ഞ പ്രപഞ്ചത്തെക്കുറിച്ചുള്ള സാമാന്യവൽകൃത സിദ്ധാന്തമാണു് മതം. അതിന്റെ ഏററവും സംക്ഷിപ്തമായ വൈജ്ഞാനികരൂപം, അതിന്റെ ഏററവും ജനകീയരൂപത്തിലുള്ള ന്യായവാദം അതിന്റെ ധാർമ്മികശക്തി....അതുകൊണ്ടു് മതത്തിനെതിരായ സമരം പരലോകത്തിനെതിരായ സമരമാണു്. **ഈ ലോകത്തിന്റെ ആത്മീയമായ അമൃതാണ് മതം.''** മാർക്സിന്റെ മേൽപറഞ്ഞ ഉദ്ധരണിയോടൊപ്പം, നമ്പൂതിരിപ്പാടു് മതത്തെക്കുറിച്ചുള്ള നിലപാടു് സ്വന്തം വാക്കുകളിൽ വ്യക്തമാക്കുന്നതിങ്ങനെയാണു്. ''ആദ്യം പ്രകൃതിയുടെ മുമ്പിലും, പിന്നീടു് ചൂഷകവർഗ്ഗത്തിന്റെ മുമ്പിലും നിസ്സഹായനായ മനുഷ്യൻ ആ നിസ്സഹായതയിൽ നിന്നു് രക്ഷപ്പെടാൻവേണ്ടി സൃഷ്ടിക്കുന്ന ലോകമാണു് മതത്തിന്റേതു്. ഈ നിസ്സഹായത തുടരുന്നിടത്തോളംകാലം മതവും തുടരും''. 1981 ഏപ്രിലിൽ 'ചിന്താ പബ്ലിക്കേഷൻസ്'' പുറത്തിറക്കിയ 'മാർക്സിസവും മതവും' എന്ന പുസ്തകത്തിലും, വാക്കുകളിൽ അല്പം വ്യത്യാസത്തോടെ മേൽപ്പറഞ്ഞ വചനം കൊടുത്തിട്ടുണ്ടു്. ഇതിൽനിന്നു് ചില പ്രസക്തങ്ങളായ പ്രശ്നങ്ങൾ ഉത്ഭവിക്കുന്നു.



കറുപ്പാണെന്നു് പറഞ്ഞതിനോടൊപ്പംതന്നെ, മതം ഈ ലോകത്തിന്റെ ആത്മീയമായ അമൃതാണെന്നും കാറൽ മാർക്സ് രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നാലിതുവരെ, ഇന്ത്യയിലെ മാർക്സിസ്റ്റ് ആചാര്യന്മാർ, ഈ പ്രസ്ഥാവനയുടെ ഉത്തരഭാഗം ജനങ്ങൾക്കിടയിൽ പ്രചരിപ്പിച്ചില്ല. കറുപ്പാണെന്ന ഭാഗത്തിനു് ശക്തമായ പ്രചരണം നൽകുകയും ചെയ്തു. എന്തുകൊണ്ടു് ആത്മീയമായ അമൃതാണെന്നഭാഗം ഇതുവരെ ഒളിച്ചുവെച്ചു? ഇന്നിപ്പോൾ എന്തുകൊണ്ടു പുറത്തുവിട്ടു? കാരണം ഏറെക്കുറെ സ്പഷ്ടമാണു്. മതത്തിനു് വിരുദ്ധമായ ഒരു നിലപാടെടുത്താൽ, മതത്തിന്റെ നാടായ ഭാരതത്തിൽ കമ്യൂണിസത്തിനു വേരോട്ടമുണ്ടാകയില്ല. ഇന്നുതന്നെ കമ്യൂണിസ്റ്റനുഭാവികളിൽ ഭൂരിഭാഗവും ദൈവവിശ്വാസികളാണു്. കറുത്ത മുണ്ടുടുത്തു്, വ്രതം ധരിച്ചു് ശബരിമലയ്ക്കു പോകുന്നവരാണു് കേരളത്തിലെ കമ്യൂണിസ്റ്റുകാരിൽ നല്ലൊരു വിഭാഗം. നേതാക്കളുടെതന്നെ സ്വകാര്യജീവിതത്തിൽ മതം പ്രബലമായ സ്വാധീനം ചെലുത്തുന്നുണ്ടു് എന്നു് പറയപ്പെടുന്നു. മതത്തെ നഖശിഖാന്തം എതിർക്കാൻ തുടങ്ങിയാൽ, തങ്ങളുടെ അണികൾ ശുഷ്ക്കമാകുകയും, അവ മറെറവിടേക്കെങ്കിലും ഒഴുകിപ്പോകുകയും ചെയ്യുമെന്നു് ഇന്നു് മാർക്സിസ്റ്റ് നേതാക്കൾക്കു് ബോദ്ധ്യം വന്നിരിക്കണം.

Scanned by CamScanner

## ഹിന്ദുമതത്തിന്റെ ഉത്ഭവം ഭയത്തിൽ നിന്നല്ല

ഭയം, നിസ്സഹായതാബോധം തുടങ്ങിയ വികാരങ്ങളിൽനിന്നാണ് മതത്തിന്റെ ഉത്ഭവമെന്ന വാദം, മറുചോദ്യം കൂടാതെ അംഗീകരിക്കപ്പെടാവുന്നതല്ല. കുറഞ്ഞതു് ഹിന്ദുമതത്തിന്റെ ഉത്ഭവമെങ്കിലും അങ്ങിനെയല്ല. പ്രചണ്ഡവും വിധ്വംസകശക്തിയുള്ളതുമായ പ്രകൃതിശക്തികളെ ആദിയിൽ മനുഷ്യൻ ഭയപ്പെട്ടിരിക്കാം. എന്നാൽ അതോടൊപ്പംതന്നെ മധുരവും മനോഹരവും സഹായകരവുമായ പ്രകൃതിശക്തികൾ അവനിൽ സ്നേഹവും ആഹ്ലാദവും ഉൽപാദിപ്പിച്ചു. രണ്ടും അവന്റെ ഭാവനയെയും ബുദ്ധിശക്തിയേയും ഉത്തേജിപ്പിച്ചു. അതു് ഇന്ദ്രിയാതീതമായ ഒരു മേഖലയിലേക്കു് അവനെ നയിച്ചു. അവിടെനിന്നാണ് മതത്തിന്റെ—ഹിന്ദുമതത്തിന്റെ—ഉത്ഭവം. വിവേകാനന്ദ സാഹിത്യസർവ്വസ്വം രണ്ടാം വാള്യത്തിൽ ഇതേക്കുറിച്ചു്, സ്വാമി വിവേകാനന്ദൻ പറയുന്നു:—''ഋഗ്വേദസംഹിതയാണ് ആര്യവർഗ്ഗക്കാരുടെ ലക്ഷ്യങ്ങളിൽ വച്ചേററവും പ്രാചീനം. അതിൽ പ്രകൃതിപൂജയാണുള്ളതെന്നു് ആധുനിക പണ്ഡിതന്മാർ മിക്കവാറും അഭിപ്രായപ്പെടുന്നു. മനുഷ്യഹൃദയം, പ്രപഞ്ചയവനികക്കപ്പുറത്തേക്കു് ഒരു നോക്കു കാണുവാൻ ആയാസപ്പെടുന്നതുപോലെയാണ് അതിൽ കാണുന്നതു്. ഉഷസ്സ്, അസ്തമയം, ഝംഝാവാതം, പ്രപഞ്ചഗംഭീരാപരിമേയശക്തികൾ, പ്രകൃതിസൗന്ദര്യങ്ങൾ എന്നിവയാൽ പ്രേരിതമായ മനുഷ്യമനസ്സ് ഇവയ്ക്കപ്പുറം കടപ്പാനും ഇവയെപ്പററി വല്ലതുമറിയാനും ആഗ്രഹിക്കുന്നു. ഈ പരിശ്രമത്തിൽ അവയ്ക്കു് പുരുഷഗുണങ്ങൾ ആരോപിക്കുന്നു. ജീവനുണ്ടെന്നും ദേഹമുണ്ടെന്നും ഭാവന ചെയ്യുന്നു. ഇവ ചിലപ്പോൾ സുന്ദരങ്ങളെന്നും ചിലപ്പോൾ അതീന്ദ്രിയങ്ങളെന്നും കല്പിക്കുന്നു. എന്നാൽ ഈ ഓരോ പരിശ്രമവും ഇവയെ അമൂർത്തമാക്കി പര്യവസാനിക്കുന്നു. അതു് സഗുണമായെന്നു വരാം. അല്ലെന്നും വരാം''.

അപ്പോൾ വെറും ഭയമോ നിസ്സഹായതാബോധമോ മാത്രമല്ല, ആനന്ദവും, ആഹ്ലാദവും, കൗതുകവും ജ്ഞാനതൃഷ്ണയും എല്ലാമാണ് മതത്തിന്റെ ഉത്ഭവത്തിനു കാരണം.



ഇവയെ, സ്വാമിജി ഒററവാക്കിൽ 'ഇന്ദ്രിയോല്ലംഘനയത്നം' എന്നു വിളിക്കുന്നു. ''ശരീരനാശത്തിലും നശിക്കാതെ നില്ക്കുന്ന വല്ലതുമുണ്ടോ എന്നു് മനുഷ്യൻ അന്വേഷിക്കുന്നു. അഥവാ പ്രപഞ്ചവിലാസത്തിനു് പിന്നിൽ അതിനെ പ്രവർത്തിപ്പിക്കുന്ന ശക്തി ഏതെന്നറിവാൻ ആഗ്രഹിക്കുന്നു. ഏതായാലും, ഇന്ദ്രിയങ്ങളുടെ പരിധിയെ അതിലംഘിക്കാനാണ് മനുഷ്യന്റെ യത്നമെന്നുള്ളതു് തീർച്ച. മനുഷ്യനു് ഇന്ദ്രിയങ്ങളെക്കൊണ്ടു് തൃപ്തനായിരിപ്പാൻ വയ്യാ. അവയെ കടന്നുപോകണം''. നമ്മുടെ വേദങ്ങളും ഉപനിഷത്തുകളും എല്ലാംതന്നെ മതത്തെപ്പററിയുള്ള സ്വാമിജിയുടെ നിഗമനത്തെ തികച്ചും ന്യായീകരിക്കുന്നുവെന്നു കാണാം. അതുല്യധീരന്മാരായിരുന്ന വൈദികഋഷികളും, ഉപനിഷദാചാര്യന്മാരും വെറും ഭീരുത്വംകൊണ്ടും നിസ്സഹായതാബോധംകൊണ്ടും മതവിശ്വാസത്തിലെത്തിച്ചേർന്നവരാണെന്നു് കരുതുന്നതിൽ കവിഞ്ഞ വിഡ്ഢിത്തമില്ല. 'അഭയം' എന്നതായിരുന്നു അവരുടെ മുദ്രാവാക്യം തന്നെ. മരണത്തിനുശേഷം എന്തു സംഭവിക്കുന്നുവെന്നറിയാൻ, ഒററയ്ക്കു്, യമലോകത്തിലെത്തി, യമധർമ്മന്റെ പടിവാതിൽക്കൽ മൂന്നു രാപ്പകൽ കാത്തുനിന്ന നചികേതസ്സെന്ന ബാലൻ ഭയത്തിന്റെയോ നിസ്സഹായതാബോധത്തിന്റെയോ അല്ല, തികഞ്ഞ നിർഭയത്വത്തിന്റെയും സത്യാന്വേഷണതൃഷ്ണയുടേയും പ്രതീകമായിരുന്നു. അതിനെത്തന്നെയാണ് സ്വാമിജി 'ഇന്ദ്രിയോല്ലംഘന യത്നം' എന്നു വിളിക്കുന്നതു്. തീർച്ചയായും ഹിന്ദുമതത്തിന്റെ ഉത്ഭവം അവിടെനിന്നാണ്. വിവിധ രൂപത്തിലും ഭാവത്തിലും ഹിന്ദുക്കളാരാധിക്കുന്ന ദേവീദേവന്മാരോടു് അവർ സ്വീകരിക്കുന്ന സമീപനം ഭയത്തിന്റേതല്ല, നേരെമറിച്ചു് സ്നേഹം, ഭക്തി, വാത്സല്യം, മാധുര്യം മുതലായവയുടേതാണ് എന്നു് ഹിന്ദുമതത്തെപ്പററി അൽപമെങ്കിലും അറിയുന്നവർക്കറിയാം. 'സ: അനിർവചനീയ പ്രേമസ്വരൂപഃ' എന്നാണ് ഈശ്വരന്റെ ഒരു നിർവചനം തന്നെ. സെമിററിക്മതങ്ങളെ നോക്കിക്കാണുന്ന ദൃഷ്ടികൊണ്ടു് ഹിന്ദുമതത്തെക്കാണാൻ

Scanned by CamScanner

ശ്രമിക്കുന്നവർക്ക് പിണയുന്ന അബദ്ധം ഇത്രയും പറഞ്ഞ... തിൽനിന്നു് വ്യക്തമാണല്ലൊ.

**കരയുന്ന ബ്രഷ്നേവ്:—**

ഇനി നമ്പൂതിരിപ്പാടിന്റെ പ്രസ്താവനയിലെ മറെറാരു വശം നമുക്കു പരിശോധിക്കാം. നിസ്സഹായ... താബോധത്തിൽനിന്നാണു് മതത്തിന്റെ ഉത്ഭവമെന്ന... വാദത്തിനുവേണ്ടി സമ്മതിക്കാം. അദ്ദേഹത്തിന്റെ... തന്നെ അഭിപ്രായത്തിൽ നിസ്സഹായതാബോധം തുടരു... ന്നിടത്തോളം മതവും തുടരുമല്ലോ. മനുഷ്യന്റെ നിസ്സ... ഹായതാബോധം തീരെ നശിക്കുവാൻ ഏതെങ്കിലു... കാലത്തു് സാദ്ധ്യമാകുമോ? വൈരുദ്ധ്യാധിഷ്ഠിത ഭൗതിക... വാദം, ലോകത്തിലെന്തു വിപ്ലവാത്മകമായ പരിവർത്ത... നം വരുത്തിയാലും ശരി, മരണമെന്ന യാഥാർത്ഥ്യത്തെ... ഉല്ലംഘിക്കാൻ മനുഷ്യനു സാദ്ധ്യമാകയില്ലെന്നു തീർച്ച... മനുഷ്യന്റെ നിസ്സഹായതാബോധം, അതിന്റെ പരമ... മായ മൂർദ്ധന്യാവസ്ഥയിലെത്തുന്നതും മരണത്തിനു മുന്നി... ലാണു്. കമ്യൂണിസ്റ്റ് ലോകത്തിന്റെ അത്യുന്നത മേധാ... വിയായ ബ്രഷ്നേവുതന്നെ, തന്റെ സഹപ്രവർത്തകനാ... യിരുന്ന സുസ്ലോവിന്റെ ചരമത്തിൽ ദുഃഖാർത്തനായി... ത്തീർന്നതായും, മറെറാരു സഹപ്രവർത്തകനായിരുന്ന ഒരു... സൈനികത്തലവന്റെ ചരമത്തിൽ മനോനിലതെററി... പരസ്യമായി പൊട്ടിക്കരഞ്ഞതായും ഉള്ള പത്രറിപ്പോർ... കരം ഇതുതന്നെയല്ലെ വ്യക്തമാക്കുന്നതു്? മതത്തിനു... മരണഭീതിയെ അകററാൻ കഴിയും എന്നുള്ള അനുഭവസി... ദ്ധമായ വസ്തുത അംഗീകരിക്കാൻ മാർക്സിസ്റ്റുകാർ... തയ്യാറില്ലെങ്കിൽപോലും, നമ്പൂതിരിപ്പാടിന്റെ വാദമുഖ... അംഗീകരിച്ചുകൊണ്ടു് സമ്മതിക്കേണ്ടിവരും, മരണ... നിലനില്ക്കുന്നിടത്തോളം കാലം മതവും നിലനില്ക്കുമെന്നു്... അതിനാൽ, മരണത്തെപ്പോലെതന്നെ ശാശ്വതമാണു്... മതവുമെന്നു് വരുന്നു. 'ജനിച്ചും മരിച്ചും കൊണ്ടിരിക്കുന്ന... ഈ ഭൗതിക ദേഹമല്ല, ജനനമരണരഹിതമായ ആത്മ... വാണു ഞാൻ' എന്ന അനുഭൂതി പ്രദാനംചെയ്യുന്ന മത...



ത്തിനു മാത്രമേ, മനുഷ്യനു് മരണത്തിനു മുമ്പിലനുഭവപ്പെടുന്ന നിസ്സഹായതാബോധമകററാൻ പററൂ. മഹാകവി രവീന്ദ്രനാഥടാഗോറിനെക്കൊണ്ടു് ചെയ്യിച്ചതുപോലെ, മരണത്തോടു പ്രേമസല്ലാപം ചെയ്യിക്കാൻ കഴിയൂ.

## II

**വറട്ടുവാദം:—**

മതത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ്‌വീക്ഷണം അവരുടെ ആകെയുള്ള ജീവിതവീക്ഷണത്തിന്റെ ഭാഗമാണു്. ആകെയുള്ള ജീവിതവീക്ഷണം, വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം എന്ന പേരിനാലറിയപ്പെടുന്നു. അടിസ്ഥാനപരമായി അതു് ഭൗതികവാദമാണു്. മതമാകട്ടെ, അടിസ്ഥാനപരമായി ആദ്ധ്യാത്മികതയിലധിഷ്ഠിതവും. ഇക്കാണുന്ന ജഗത്തിന്റെ മുഴുവൻ ആദികാരണം കേവലം ജഡവസ്തുവായ പദാർത്ഥ (Matter) മാണെന്നു് ഭൗതികവാദം പറയുമ്പോൾ, ഈ ജഗത്തിനപ്പുറവും, അതേസമയം അതിൽ അന്തര്യാമിയുമായി, പദാർത്ഥത്തിനതീതമായ ഒരു ചൈതന്യമുണ്ടെന്നു് ആദ്ധ്യാത്മികവാദിയായ മതം പറയുന്നു. ആദ്ധ്യാത്മികവാദം, ഭൗതിക പദാർത്ഥത്തെ—Matter—നിഷേധിക്കുന്നില്ല. അതു താരതമ്യേന ക്ഷണികവും നശ്വരവുമാണെന്ന യാഥാർത്ഥ്യം ചൂണ്ടിക്കാണിക്കുന്നതേയുള്ളൂ. എന്നാൽ ഭൗതികവാദികളാകട്ടെ, ആദ്ധ്യാത്മവാദത്തിനടിസ്ഥാനമായ പരമസത്യമെന്ന (Ultimate reality) അഭൗതിക ശക്തിയെ തീരെ നിരാകരിക്കുന്നു. ഇന്നത്തെ കമ്യൂണിസ്റ്റുകാർ, ഗത്യന്തരമില്ലാതെ ഒരുതരം ആദ്ധ്യാത്മികതയെ അംഗീകരിക്കുന്നുണ്ടു്. പക്ഷെ അതു് യഥാർത്ഥമായ ആദ്ധ്യാത്മികതയല്ല. നമ്പൂതിരിപ്പാടു പറയുന്നതു നോക്കുക:—'മാനസികം അല്ലെങ്കിൽ ബുദ്ധിപരം, വൈകാരികം അല്ലെങ്കിൽ ഹൃദയത്തിൽ തട്ടുന്നതു് എന്നിവയെ—വിചാരവികാരങ്ങളുടെ മണ്ഡലത്തെ എന്നർത്ഥം—ആത്മീയം എന്ന പദംകൊണ്ടു വിവക്ഷിക്കുന്നുണ്ടെങ്കിൽ മാർക്സിസം ആത്മീയതയെ നിഷേധിക്കുന്നില്ല'. വാസ്തവത്തിലതല്ല ആത്മീയമെന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു്. മനസ്സും ബുദ്ധിയും അവയുടെ പ്രവർത്തനമണ്ഡല

Scanned by CamScanner

വും ഹിന്ദുസങ്കല്പപ്രകാരം ഭൗതികതയുടെ പരിധിയിൽ പെടുന്നു. അതിനപ്പുറം, അവയെല്ലാം ചലിപ്പിക്കുന്ന ശക്തിയാണ് ആത്മാവ്. അതുപോലെ സകല ചരാചര പ്രപഞ്ചത്തിനും ആദികാരണമായി അതിനപ്പുറം നിൽക്കുകയും, അതോടൊപ്പം അതിലന്തര്യാമിയായി വർത്തിച്ചുകൊണ്ട് അതിന്റെ ഗതിവിഗതികൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് ബ്രഹ്മം. ബ്രഹ്മത്തിന്റെ മൂർത്തീഭാവം—Personification—ആണ് ഈശ്വരൻ. അതിനെ കമ്യൂണിസ്റ്റുകാർ പാടേ നിഷേധിക്കുന്നു. ചുരുക്കത്തിൽ, മതം—ഹിന്ദുമതം—പദാർത്ഥത്തിന്റെ സാപേക്ഷിക സത്യത്തെ അംഗീകരിക്കുമ്പോൾ, കമ്യൂണിസം ആത്മാവ് അഥവാ ബ്രഹ്മം എന്ന ഭൗതികാതീതമായ ചൈതന്യത്തെ പാടെ നിഷേധിക്കുന്നു. അതിനാൽ മതവിശ്വാസിക്ക്, പദാർത്ഥനിർമ്മിതമായ ലോകം വർജ്ജ്യമല്ല. എന്നാൽ, കമ്യൂണിസ്റ്റുകാരന്, പദാർത്ഥത്തിനതീതമായ ചൈതന്യം നിഷിദ്ധമാണ്. അവിടെയാണ് കമ്യൂണിസത്തിന്റെ അപകടം, വറട്ടുവാദം കിടക്കുന്നത്.

**ആധുനികശാസ്ത്രം**

**ഹിന്ദുമതത്തിന്റെ ഭാഗത്ത്:—**

ജഡമായ പദാർത്ഥത്തിൽ നിന്നാണ്, മനുഷ്യചേതന ഉൾപ്പെടെയുള്ള ഈ പ്രപഞ്ചത്തിന്റെ ഉല്പത്തി എന്ന കമ്യൂണിസ്റ്റ് ഭൗതികവാദം, ഹിന്ദുമതസിദ്ധാന്തങ്ങൾക്ക് മാത്രമല്ല, ആധുനിക ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾക്കും നിരക്കാത്തതാണ്. കാറൽമാർക്സ് ഈ വാദം ഉന്നയിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ഒരു ഭൗതിക ജീവിതവീക്ഷണത്തിന് രൂപം നൽകുകയും ചെയ്ത അവസരത്തിൽ, ശാസ്ത്രം ഇത്രയും പുരോഗമിച്ചിരുന്നില്ല. പരമാണു എന്ന ജഡപദാർത്ഥമാണ് പ്രപഞ്ചത്തിന്റെ അച്ഛേദ്യവും അടിസ്ഥാനപരവുമായ ഘടകമെന്നും, അതുകൊണ്ടുണ്ടാക്കപ്പെട്ട സൂര്യചന്ദ്രാദിഗോളങ്ങളും ഭൂമിയുമെല്ലാം അന്യോന്യാകർഷണത്തിന്റെ ശക്തികൊണ്ട്, സ്ഥിരവും ശാശ്വ



തവുമായ ദേശ—കാല മണ്ഡലത്തിൽ നിലനില്ക്കുകയും ചെയ്യുന്നു എന്നും ഉള്ള ന്യൂട്ടന്റെ സിദ്ധാന്തമായിരുന്നു മാർക്സിന്റെ കാലത്തു നിലനിന്നിരുന്നത്. അന്ന് പദാർത്ഥം (Matter) പരമമായ ഘടകമായിരുന്നു; സത്യമായിരുന്നു. എന്നാൽ പിന്നീടുണ്ടായ ശാസ്ത്രജ്ഞന്മാർ, ന്യൂട്ടന്റെ സിദ്ധാന്തത്തെ കടപുഴക്കി എറിഞ്ഞു. പദാർത്ഥത്തിന്റെ പരമാധികാരത്തെ തറപററിച്ചു. പരമാണു അവസാന ഘടകമല്ലെന്നും, അതിനെ ഛേദിച്ച്, അതിനും അപ്പുറം പോകാൻ കഴിയുമെന്നും അവർ തെളിയിച്ചു. ആധുനികശാസ്ത്രജ്ഞന്മാരിൽ അദ്വിതീയനായ എയിൻസ്റ്റന്റെയും മററും കണ്ടുപിടുത്തങ്ങൾ, പരമാണുവിനപ്പുറത്തുള്ള ഊർജ്ജ പ്രപഞ്ചത്തെ—World of energy—യെ കണ്ടുപിടിച്ചു. പദാർത്ഥം ഊർജ്ജത്തിൽ വിലയം പ്രാപിക്കുന്നുവെന്നും പദാർത്ഥത്തിന്റെ തന്നെ മൂലകാരണം ഊർജ്ജമാണെന്നും അവർ തെളിയിച്ചു. ആപേക്ഷിക സിദ്ധാന്തം, ക്വാണ്ടം സിദ്ധാന്തം തുടങ്ങിയവയുടെ സങ്കീർണ്ണവശങ്ങളിലേക്കിവിടെ കടക്കുന്നില്ല. എന്നാൽ ഒന്ന് അസന്ദിഗ്ദ്ധമായി പറയാം, മാർക്സിസത്തിന്റെ അടിസ്ഥാന ശിലയായിരുന്ന ഭൗതികവാദത്തെ അവ തറപററിച്ചു. മാത്രമല്ല, ഇന്ന് ആധുനികശാസ്ത്രം എത്തി നില്ക്കുന്നത്, ഹിന്ദുമതത്തിലെ പ്രാചീന മഹർഷിമാർ കണ്ടെത്തിയിരുന്ന ആദ്ധ്യാത്മിക വാദത്തിന്റെ ഗോപുരവാതില്ക്കലാണ്. The Tao of Physics എന്ന തന്റെ ഗ്രന്ഥത്തിൽ, മോഡേൺ ഫിസിക്സിലും, പൌരസ്ത്യാദ്ധ്യാത്മിക സിദ്ധാന്തങ്ങളിലും ഒരുപോലെ വൈദഗ്ദ്ധ്യംനേടിയിട്ടുള്ള അതിന്റെ ഗ്രന്ഥകർത്താവ്, ഫ്രിജിഡോഫ് കാപ്രാ എന്ന ശാസ്ത്രജ്ഞൻ പറയുന്നു:— "The conception of physical things and phenomena as transient manifestations of an underlying fundamental entity, is not only a basic element of quantum field theory, but also a basic element of Eastern world view. Like Einstein, the eastern mystics consider this underlying entity as the only reality;

Scanned by CamScanner

all its phenomenal manifestations are seen as transitory and illusory..... Einstein in particular, spent the last years of his life searching for such a unified field. The Brahmam of the Hindus...Can be seen perhaps as the ultimate unified field from which spring not only the phenomena studied in Physics, but all other phenomena as well''.

(ഭൗതികവസ്തുക്കളും പ്രതിഭാസങ്ങളും അടിസ്ഥാനപരമായ ഒരു മൗലികസത്തയുടെ ക്ഷണികപ്രകാശനങ്ങളാണെന്നുള്ളതു് ക്വാൺടം ഫീൽഡ് തിയറിയുടെ മാത്രമല്ല, പൗരസ്ത്യ, ലോകവീക്ഷണത്തിൻെറയും, പ്രാഥമികപാഠമാണു്. എയിൻസ്റ്റനെപ്പോലെ പൗരസ്ത്യ,ആദ്ധ്യാത്മികാചാര്യന്മാരും അടിസ്ഥാനപരമായ ഈ സത്തയെ ഒരേ ഒരു പരമാത്ഥവസ്തുവായി കാണുന്നു; അതിൻെറ പ്രാതിഭാസിക പ്രകാശനങ്ങളെ മുഴുവൻ ക്ഷണികവും മായികവുമായി കാണുന്നു........വിശേഷിച്ചും എയിൻസ്റ്റൻ. അദ്ദേഹത്തിൻെറ ജീവിതത്തിലെ അന്തിമവർഷങ്ങൾ അത്തരമൊരു 'യൂണിഫൈഡ് ഫീൽഡി'നുവേണ്ടിയുള്ള അന്വേഷണത്തിനായി വിനിയോഗിച്ചു. ഫിസിക്സ് അദ്ധ്യയനവിഷയമാക്കിയിട്ടുള്ള പ്രതിഭാസങ്ങൾ മാത്രമല്ല. മറെറല്ലാ പ്രതിഭാസങ്ങളും ഉത്ഭവിച്ചിട്ടുള്ള പരമമായ 'യൂണിഫൈഡ് ഫീൽഡ്' ഹിന്ദുക്കളുടെ ബ്രഹ്മമാണ് എന്നു കരുതാം.)

കാപ്രാ തുടരുന്നു:– 'The whole universe is thus engaged in endless motion and activity; in a continual cosmic dance of energy......For the modern physicists, then Shiva's dance is the dance of subatomic matter. As in Hindu mythology it is a continual dance of creation and destruction involving the whole cosmos; the basis of all existence and of all natural phenomena''(ഇങ്ങിനെ നോക്കുമ്പോൾ, ഈ പ്രപഞ്ചം മുഴുവൻ, അന്തമില്ലാത്ത ചലനങ്ങളിലും പ്രവർത്തനങ്ങളിലും—നിരന്തരവും വൈശ്വികവുമായ ഊർജ്ജത്തിൻെറ നൃത്തത്തിൽ....മുഴുകി ഇരിക്കുന്നതായി കാണാം. ആധുനിക ഫിസിക്സ് ശാസ്ത്രജ്ഞന്മാർക്കു്, അപ്പോൾ, നടരാജനൃത്തം പരമാണുവിനു് താഴെയുള്ള പദാർത്ഥത്തിൻെറ നൃത്തമാണു്. ഹിന്ദുക്കളെന്നപോലെ അവർക്കും, ഈ സമസ്ത പ്രപഞ്ചപ്രക്രിയകളേയും ഉൾക്കൊള്ളുന്ന സൃഷ്ടിയുടെയും സംഹാരത്തിൻെറയും നൃത്തം—എല്ലാ സത്തകളുടെയും, പ്രാകൃതിക പ്രതിഭാസങ്ങളുടെയും അടിത്തറ—ആണു്.)



ഏററവും ഒടുവിലത്തെ ശാസ്ത്രീയ കണ്ടുപിടിത്തങ്ങൾ പ്രാചീനഹിന്ദുക്കളുടെ സിദ്ധാന്തങ്ങളുമായി എങ്ങിനെ പൊരുത്തപ്പെടുന്നു എന്നു് ഇതിൽനിന്നു് നമുക്കു മനസ്സിലാക്കാം. കാറൽ മാർക്സ് അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾക്കു് രൂപം നൽകിയപ്പോൾ ശാസ്ത്രം ഇത്ര കണ്ടു പുരോഗമിച്ചിട്ടില്ലാതിരുന്നതിനാൽ, അന്നു നിലവിലിരുന്ന ശാസ്ത്രീയ കണ്ടുപിടിത്തങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം പ്രപഞ്ചത്തെ വ്യാഖ്യാനിച്ചതിലത്ഭുതമില്ല. എന്നാൽ ഇരുപതാംനൂററാണ്ടിലെ പുതിയ കണ്ടുപിടിത്തങ്ങൾ, പഴയ കണ്ടുപിടിത്തങ്ങളെ കാലഹരണപ്പെടുത്തിക്കഴിഞ്ഞിട്ടും, ഇവിടത്തെ കമ്യൂണിസ്റ്റുകാർ കാറൽമാർക്സ് വരച്ചവരയിൽനിന്നും പുറത്തുകടക്കാൻ തൻേറടം കാണിക്കാത്തതാണത്ഭുതം! എന്നിട്ടും അവർ സ്വയം ശാസ്ത്രത്തിൻെറ ഭാഗത്താണെന്നു് വിളിച്ചുകൂകുകയും, മററുള്ളവരെ അന്ധവിശ്വാസികളും പിന്തിരിപ്പന്മാരുമെന്നധിക്ഷേപിക്കുകയും ചെയ്യുന്നു!

കമ്യൂണിസവും ഹിന്ദുധർമ്മവും രണ്ടും ഓരോതരം അദ്വൈതവാദത്തെ അംഗീകരിക്കുന്നു എന്നു വേണമെങ്കിൽ പറയാം: കമ്യൂണിസം, പദാർത്ഥ (Matter)മാണു് അന്തിമ യാഥാർത്ഥ്യമെന്നു് കരുതുന്ന ഭൗതികാദ്വൈതത്തിൽ വിശ്വസിക്കുമ്പോൾ, ഹിന്ദുധർമ്മം, പദാർത്ഥത്തിനെത്രയോ അപ്പുറം പോയി, 'സച്ചിദാനന്ദ'സ്വരൂപമായ ചൈതന്യവിശേഷമാണു് അന്തിമ യാഥാർത്ഥ്യമെന്നു്

Scanned by CamScanner

കരുതുന്ന ആത്മീയാദ്വൈതത്തിൽ വിശ്വസിക്കുന്നു. ഈ വിഷയത്തിൽ ആധുനിക ശാസ്ത്രത്തിനു് യോജിപ്പ് ഹിന്ദുധർമ്മത്തോടാണു്. അതു് 'സച്ചിദാനന്ദ'ത്തിലെത്തിച്ചേർന്നിട്ടില്ലെങ്കിലും, പദാർത്ഥത്തിനപ്പുറമുള്ള ഊർജ്ജപ്രപഞ്ചവും കടന്നുപോയിരിക്കുന്നു. എയിൻസ്റ്റിൻ പറയുന്നതു നോക്കുക:— "The most beautiful and the most profound emotion we can experience is the sensation of the mystical. It is the sower of true science……To know, what is impenetrable to us really exists, manifesting itself as the highest wisdom and the most radiant beauty, which our dull faculties can comprehend in their most primitive forms–this knowledge, this feeling is at the centre of true religiousness……My religion consists of a humble admiration of the illimitable superior spirit who reveals Himself in the slight details we are able to perceive with our frail and feeble minds'' (നമുക്കു് അനുഭവിക്കാൻ കഴിയുന്നതിൽ ഏറ്റവും സുന്ദരവും അഗാധവുമായ വികാരം, നിഗൂഢമായതിനെക്കുറിച്ചുള്ള സംവേദനമാണു്. അതു് യഥാർത്ഥ ശാസ്ത്ര (Science)ത്തിനു് ബീജാവാപം ചെയ്യുന്നു………… നമുക്കു ചികഞ്ഞു കണ്ടെത്താൻ കഴിയാത്തതു്, അത്യുന്നത വിദ്യയായും അത്യുജ്ജ്വല സൗന്ദര്യമായും നിലനില്ക്കുന്നുണ്ടെന്നും നമ്മുടെ മങ്ങിയ കഴിവുകൾ അവയെ അറിയുന്നതു് അവയുടെ ഏറ്റവും പ്രാകൃതികഭാവങ്ങളിലാണെന്നും അറിയുക—ഈ അറിവ്, ഈ സംവേദനം ആണു് എല്ലാ മതബോധത്തിന്റെയും മദ്ധ്യബിന്ദു. നമ്മുടെ ക്ഷീണവും ദുർബലവുമായ ബുദ്ധികൾകൊണ്ടു കാണാൻ കഴിയുന്ന ചെറിയ വിശദാംശങ്ങളിൽക്കൂടി സ്വയം വെളിപ്പെടുത്തുന്ന, നിസ്സീമവും വിശിഷ്ടവുമായ ചൈതന്യവിശേഷത്തോടുള്ള വിനീതമായ ആരാധനയാണു് എന്റെ മതം.) ഈ നിസ്സീമവും വിശിഷ്ടവുമായ ചൈതന്യവിശേഷം 'സച്ചിദാനന്ദ'മല്ലാതെ മറ്റെന്താണു്? ഇവിടെ ഹിന്ദുധർമ്മവും ആധുനികശാസ്ത്രവും



മാർക്സിസത്തെ ബഹുദൂരം പിന്തള്ളി, പരസ്പരം കൈകോർത്തു നിൽക്കുന്ന കാഴ്ച നാം കാണുന്നില്ലേ?

## വൈരുദ്ധ്യാത്മക വാദം:—

കമ്യൂണിസം ലോകത്തിനു് മഹത്തായ സംഭാവന നൽകി എന്ന അവകാശവാദത്തിനു് ഉപോൽബലകമായി അവർ എടുത്തുകാണിക്കുന്നതു്, മാനവസമൂഹത്തിന്റെ പുരോഗതിയെക്കുറിച്ചു്, ചരിത്രത്തിന്റെ വികാസ പരിണാമത്തെക്കുറിച്ചു് കാറൽമാർക്സ് ഉന്നയിച്ചിട്ടുള്ള സിദ്ധാന്തത്തെയാണു്. വൈരുദ്ധ്യങ്ങൾ തമ്മിലുള്ള സംഘട്ടനത്തിൽക്കൂടിയാണു് സമൂഹം പുരോഗമിക്കുന്നതെന്നു് മാർക്സ് സിദ്ധാന്തിച്ചു. ഈ സിദ്ധാന്തത്തെ അദ്ദേഹം dialectics അഥവാ വൈരുദ്ധ്യാത്മകവാദം എന്നു വിളിച്ചു. ഇതു് മാർക്സിന്റെ കണ്ടുപിടുത്തമായിരുന്നില്ല. ഹെഗൽ എന്ന ജർമ്മൻ തത്ത്വശാസ്ത്രജ്ഞനാണു് യൂറോപ്പിനെ സംബന്ധിച്ചിടത്തോളം ഈ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. എന്നാലദ്ദേഹമതു്, ആദർശവാദത്തിന്റെ മണ്ഡലത്തിലാണു് പ്രയോഗിച്ചതു്. മാർക്സാവട്ടെ അതു കടംവാങ്ങി, ഭൗതികവാദത്തിന്റെ മണ്ഡലത്തിൽ, സുശക്തമായ ഒരു ആയുധമായി ഉപയോഗിച്ചു. ഭാരതീയ തത്ത്വശാസ്ത്രമായ സാംഖ്യദർശനത്തിൽ നിന്നാണു് ഹെഗലിനുതന്നെ dialectics സിദ്ധാന്തം ലഭിച്ചതെന്നും, അദ്ദേഹത്തിന്റെ മേശപ്പുറത്തു് 'സാംഖ്യകാരിക'യുടെ ജർമ്മൻ പരിഭാഷ ഉണ്ടായിരുന്നുവെന്നും ഉള്ള രസകരമായ വസ്തുത അവിടെ ഇരിക്കട്ടെ.

കാറൽമാർക്സ് ഈ സിദ്ധാന്തം എങ്ങിനെയാണു് ചരിത്രപരിണാമത്തെ വ്യാഖ്യാനിക്കുവാൻ ഉപയോഗിച്ചതെന്നു നോക്കാം. കമ്യൂണിസത്തിന്റെ ബൈബിളായ Manifesto of the Communist party എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ തുടക്കത്തിൽതന്നെ, മാർക്സും എൻജൽസും ചേർന്നു് പ്രഖ്യാപിക്കുന്നു. ' The History of all hitherto existing society is the history of class struggles' (ഇതുവരെ നിലനിന്നിട്ടുള്ള എല്ലാ സമൂഹത്തിന്റെയും

Scanned by CamScanner

ചരിത്രം വർഗ്ഗസംഘട്ടനങ്ങളുടെ ചരിത്രമാണു്) എന്നും. ഈ വർഗ്ഗസംഘട്ടനം യാദൃച്ഛികമല്ല; അതൊരു പ്രകൃതി നിയമമാണു്; അനിവാര്യമാണു്. Dialecticism എന്ന പ്രക്രിയയുടെ ബാഹ്യരൂപമാണു്. എന്താണു് Dialecticism? ഏതെങ്കിലും ഒരവസ്ഥാവിശേഷത്തെ എടുക്കുക. ആ അവസ്ഥാവിശേഷത്തെ Thesis (പൂർവ്വപക്ഷം) എന്നു വിളിക്കാം. അതിനുള്ളിൽ തന്നെ അതിനു നേരെ എതിരായ ശക്തികൾ രൂപംകൊള്ളുന്നു. അതിനെ Anti-thesis (ഉത്തരപക്ഷം) എന്നു വിളിക്കാം. ഇവ രണ്ടും തമ്മിലുള്ള വൈരുദ്ധ്യം മൂർച്ഛിക്കുമ്പോൾ ഒരു സംഘട്ടനം അനിവാര്യമായിരുന്നു. ആ സംഘട്ടനത്തിൻെറ ഫലമെന്താണു്? ആദ്യമേ ഉണ്ടായിരുന്ന Thesis-പൂർവ്വപക്ഷം—നാശമടയുകയും, മൂന്നാമതൊന്നു്—അതിനെ Synthesis (സന്ധി) എന്നു വിളിക്കാം—രൂപം കൊള്ളുകയുംചെയ്യുന്നു. പക്ഷേ, ഈ പ്രക്രിയ വീണ്ടും തുടരുന്നു. പുതുതായി രൂപംകൊണ്ട Synthesis (സന്ധി), സ്വയം ഒരു Thesis (പൂർവ്വപക്ഷം) ആയിത്തീരുകയും, അതിൽനിന്നുതന്നെ anti-thesis(ഉത്തരപക്ഷം) ഉണ്ടാവുകയും, അവയുടെ സംഘട്ടനത്തിൽ കൂടി വീണ്ടും പുതിയ Synthesis (സന്ധി) രൂപംകൊള്ളുകയും ചെയ്യും. ഇതു് അനന്തമായ പ്രക്രിയയാണു്; സാർവ്വലൗകികമായ പ്രക്രിയയാണു്.

**അതിൻെറ പരാജയം:—**

ഈ സിദ്ധാന്തത്തിൻെറ വെളിച്ചത്തിൽ കാറൽമാർക്സ് ചരിത്രത്തെ വ്യാഖ്യാനിക്കുന്നു. മേൽപറഞ്ഞ പ്രക്രിയയെ, വർഗ്ഗസംഘട്ടനമെന്നു് വിളിക്കുന്നു. അടിമത്തത്തിൽനിന്നു് ഫ്യൂഡലിസത്തിലേക്കും അവിടെ നിന്നു് മുതലാളിത്തത്തിലേക്കും പിന്നീടു് അവിടെനിന്നു് കമ്യൂണിസത്തിലേക്കുമുള്ള ചരിത്രപരിണാമം ഈ അനിവാര്യ നിയമത്തിൻെറ പ്രവത്തനഫലമാണെന്നദ്ദേഹം സമത്ഥിക്കുന്നു. ഈ വാദഗതി സത്യമാണെന്നംഗീകരിച്ചാൽ, അതിൽനിന്നുതന്നെ അതിൻെറ ഏററവും വലിയ പരാജയവും നമുക്കു മനസ്സിലാകും. ഏതൊരു Thesis-ം, (പൂർവ്വപക്ഷവും) anti-thesis (ഉത്തരപക്ഷവു)മായുള്ള സംഘട്ടന

Scanned by CamScanner

ത്തിന്റെ ഫലമായി നാശമടയുമെങ്കിൽ, മുതലാളിത്തമെന്ന thesis (പൂർവ്വപക്ഷവും) തൊഴിലാളിവർഗ്ഗമെന്ന anti-thesis (ഉത്തരപക്ഷവും) തമ്മിലുള്ള സംഘട്ടനത്തിൽ നിന്നു രൂപംകൊള്ളുന്ന കമ്യൂണിസവും ക്രമേണ നശിക്കാതെ വയ്യാ. കാരണം, എല്ലാ പൂർവ്വപക്ഷത്തിലും അതിന്റെ വിനാശത്തിന്റെ വിത്തടങ്ങിയിരിക്കുന്നുവെന്നതാണല്ലോ സാർവ്വത്രികനിയമം. അപ്പോൾ കമ്യൂണിസമെന്നതു് മുതലാളിത്തം പോലെതന്നെ ഒരു ഇടക്കാലവ്യവസ്ഥയാകാനേ വഴിയുള്ളൂ. കമ്യൂണിസം സ്ഥാപിതമാകുന്നതോടുകൂടി ഒരു പ്രകൃതിനിയമം തനിയെ അപ്രാവർത്തികമായിക്കൊള്ളും എന്നു് വിശ്വസിക്കുന്നതു യുക്തിയുക്തമല്ലല്ലോ. പക്ഷേ, കമ്യൂണിസം നശിച്ചുകൊള്ളും എന്നംഗീകരിക്കാൻ, മാർക്സോ, മാർക്സിസ്റ്റുകാരോ തയ്യാറില്ല. 'In the place of the old bourgeois society, with its classes and class antagonisms, we shall have an association, in which the free development of each is the condition for the free development of all'' (വർഗ്ഗങ്ങൾ, വൈരുദ്ധ്യങ്ങൾ എന്നിവയോടുകൂടിയ പഴയ ബൂർഷ്വാസമൂഹത്തിന്റെ സ്ഥാനത്തു്, ഓരോരുത്തന്റെയും സ്വതന്ത്രമായ വളർച്ചയിൽനിന്നു്, എല്ലാവരുടെയും സ്വതന്ത്രമായ വളർച്ച സാദ്ധ്യമാക്കിത്തീർക്കുന്ന ഒരു 'അസ്സോസിയേഷൻ' രൂപംകൊള്ളും) എന്നു് പറഞ്ഞു് കമ്യൂണിസ്റ്റു് മാനിഫെസ്റ്റോ അവസാനിക്കുന്നു. എന്നാൽ ഈ association സ്വയം thesis ആയിത്തീരുകയില്ലെന്നും, അതിന്റെ anti-thesis നു് രൂപം നൽകുകയില്ലെന്നും, അവ തമ്മിലുള്ള സംഘട്ടനത്തിൽ dialectics നിയമമനുസരിച്ചു് സ്വയം നശിച്ചുപോകയില്ലെന്നും, എങ്ങിനെ പറയാം എന്ന ചോദ്യത്തിനുത്തരമില്ല. മാർക്സു് പറയുന്ന നിയമം ശരിയാണെങ്കിൽ കമ്യൂണിസം നശിച്ചേ പററൂ. കമ്യൂണിസം നശിക്കരുതെങ്കിൽ, മാർക്സിന്റെ വൈരുദ്ധ്യാത്മകവാദം തെററാണെന്നു് സമ്മതിച്ചേ പററൂ. ഇവിടെയാണു് വൈരുദ്ധ്യാത്മകഭൗതികവാദത്തിന്റെ വൈരുദ്ധ്യം കിടക്കുന്നതു്.

Scanned by CamScanner

## ഋജുരേഖയും, യുഗസങ്കൽപവും

മാനവപുരോഗതി, വിരുദ്ധവർഗ്ഗങ്ങളുടെ സംഘട്ടനത്തിൽക്കൂടിയാണെന്നു് ഹിന്ദുമതം വിശ്വസിക്കുന്നില്ല. മാത്രമല്ല, മാർക്സ് പറയുന്നതുപോലെ, അതു് ഒരു ഋജുരേഖയിൽക്കൂടി നേരെ മേലോട്ടാണെന്നും ഹിന്ദുമതം വിശ്വസിക്കുന്നില്ല. പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളും ചലനങ്ങളും, ഋജുവായിട്ടല്ല, ചാക്രികമായിട്ടാണു് (Cylic) എന്നതാണനുഭവം. കൊല്ലങ്ങളും, മാസങ്ങളും, ദിവസങ്ങളും, ജനനമരണങ്ങളും എല്ലാംതന്നെ ഒരു ചാക്രികപ്രക്രിയ (Cyclical process) ആണു്, ഉരുളുന്ന ചക്രം പോലെ, ഉയർച്ചയിലും താഴ്ചയിലും കൂടി മുന്നോട്ടു പോകുന്നു. ഈ അടിസ്ഥാനത്തിൽ ഹിന്ദുമതം 'യുഗസങ്കല്പം' ആവിഷ്കരിക്കുന്നു. കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നിങ്ങനെ നാലുയുഗങ്ങൾ. കലിയുഗത്തിനുശേഷം വീണ്ടും കൃതയുഗം എന്നിങ്ങനെ ആ പ്രക്രിയ അനന്തമായി തുടർന്നുകൊണ്ടേ ഇരിക്കുന്നു. അതിലൂടെ മാനവയാത്രയുടെ രഥം ഉരുണ്ടുനീങ്ങുന്നു. അതിൽ ഉയർച്ചയും താഴ്ചയുമുണ്ടു്. കലിയുഗത്തിൽ മാനവസംസ്സാരം ഏററവും താഴത്തെ പടിയിലെത്തുകയും പിന്നീടു് കൃതയുഗത്തിൽ ഉന്നതാവസ്ഥയെ പ്രാപിക്കുകയും, വീണ്ടും ക്രമേണ താഴോട്ടു വരികയും ചെയ്യുന്നു. അനേകം യുഗങ്ങളുടെ അന്ത്യത്തിൽ പ്രളയവും (dissolution), പിന്നീടു് സൃഷ്ടി (projection) യും ഉണ്ടാകുന്നു. പകലിന്റെ അവസാനത്തിൽ രാത്രിയും, രാത്രിയുടെ അവസാനത്തിൽ പകലും ഉണ്ടാകുന്നതുപോലുള്ള ഒരു അനന്തമായ ചാക്രികപ്രക്രിയയാണിതു്.

> ഭൂതഗ്രാമഃസ ഏവായം ഭൂത്വാ ഭൂത്വാ പ്രലീയതേ
> രാത്ര്യാഗമേ/വശഃ പാർത്ഥ പ്രഭവത്യഹരാഗമേ

എന്നുള്ള ഗീതാശ്ലോകം ഇതാണു് വ്യക്തമാക്കുന്നതു്.

മനുഷ്യഭാവനയ്ക്കുപോലും പിടിതരാത്ത ഈ ബ്രഹത്തായ യുഗകല്പന എന്ന ചാക്രികപ്രക്രിയയാകുന്ന വൃത്തത്തിന്റെ ഒരംശം മാത്രം ദൃഷ്ടിയിൽ പെടുമ്പോൾ, അതു്



ഒരു ഋജുരേഖയായി തോന്നും. ഉരുണ്ട ഭൂഗോളത്തിന്റെ ഏതൊരു ചെറിയ ഭാഗവും ഋജുവായി നമുക്കനുഭവപ്പെടുന്നതുപോലെ. അതാണു് മാർക്സിസ്റ്റ് ചിന്തകന്മാർക്കും സംഭവിച്ചതു്. അവർ പ്രാകൃത കമ്യൂണിസത്തിലാരംഭിച്ചു്, കമ്യൂണിസത്തിലവസാനിക്കുന്ന ഒരു ഋജുരേഖയായി മാനവചരിത്രത്തെക്കാണുന്നു. എന്നാൽ ഇതിനു രണ്ടിനും അപ്പുറവും ഇപ്പുറവുമായി എണ്ണമില്ലാത്ത യുഗങ്ങളായി ഈ പ്രപഞ്ചമെന്ന പ്രതിഭാസം നിലകൊള്ളുന്നു എന്നതാണു് പരമാർത്ഥം. ഹിന്ദുവിന്റെ യുഗകല്പനയുമായിട്ടാണു്, ആധുനിക ശാസ്ത്രജ്ഞന്മാരുടെ കാലഗണന കൂടുതൽ പൊരുത്തപ്പെടുന്നതെന്ന വസ്തുതയും ഇതിനു് ഉപോൽബലകമാണു്.

## പരിണാമവും വിപരിണാമവും:—

മനുഷ്യപുരോഗതിയ്ക്കടിസ്ഥാനമായി കാറൽമാർക്സ് സ്വീകരിച്ചതു് ചാറൽസ് ഡാർവിന്റെ പരിണാമസിദ്ധാന്തമായിരുന്നു. നിശ്ചേതനമായ ജഡവസ്തുവിൽനിന്നാരംഭിച്ചു്, അനവധി ചേതനാചേതനങ്ങളായ രൂപപരിണാമങ്ങളിലൂടെ മനുഷ്യനിലെത്തി, പ്രാകൃത കമ്യൂണിസത്തിൽനിന്നു് കമ്യൂണിസത്തിലേക്കുള്ള ഘോഷയാത്രയായിട്ടാണു് പ്രപഞ്ചചരിത്രത്തെ അവർ കാണുന്നതു്. എന്നാൽ, പ്രാചീന ഹിന്ദുക്കൾ ചൂണ്ടിക്കാണിച്ചതും, ഇന്നു ശാസ്ത്രം അംഗീകരിക്കുന്നതുമായ തുല്യപ്രധാനമായ മറെറാരുവശം മാർക്സ് കണ്ടില്ല. ജഡപദാർത്ഥം പരിണമിച്ചു് മനുഷ്യനായിത്തീരണമെങ്കിൽ, മനുഷ്യൻ ഏതെങ്കിലും രൂപത്തിൽ ആ പദാർത്ഥത്തിൽ അന്തർലീനമായിരുന്നിരിക്കണം. കാരണം, ഇല്ലാത്തതു് പരിണമിച്ചുണ്ടാകുവാൻ സാദ്ധ്യമല്ലല്ലോ. അതിനാൽ, ഹിന്ദുമതത്തിന്റെ സിദ്ധാന്തം ഏതാണ്ടിങ്ങനെയാണു്: സച്ചിദാനന്ദ സ്വരൂപമായ പരബ്രഹ്മം, അചേതനമായ ജഡപദാർത്ഥത്തിൽ ആദ്യമേ അന്തർലീനമാകുന്നു. ഇതിനു് Involution എന്നു പറയാം. അതു് പിന്നീടു് ക്രമേണ evolution വഴിയായി പരിണമിച്ച

Scanned by CamScanner

പരിണമിച്ച്, മനുഷ്യനായും ഒടുവിൽ സച്ചിദാനന്ദരൂപമായും തീരുന്നു. അതിനാൽ, മനുഷ്യന്റെ ലക്ഷ്യം സച്ചിദാനന്ദരൂപമായി തീരുക എന്നതു തന്നെയാണ്. ഇതിനെത്തന്നെയാണ് മോക്ഷമെന്നും പറയുന്നത്. ഇന്നത്തെ മനുഷ്യസമുദായം, പരിണാമപ്രക്രിയയിലൂടെ ജീവന്മുക്തന്മാരടങ്ങുന്ന ഒരു Society of Supermen, അഥവാ gnostic society ആയിത്തീരുമെന്നുള്ള മഹർഷി അരവിന്ദന്റെ സിദ്ധാന്തവും ഈ ലക്ഷ്യത്തിലേക്കുതന്നെ വിരൽചൂണ്ടുന്നു. അതിനാൽ പരിണാമസിദ്ധാന്തത്തോടൊപ്പം, അത്രതന്നെ പ്രസക്തമായ വിപരിണാമസിദ്ധാന്തവും ഹിന്ദുമതം സ്വീകരിക്കുന്നു. ഇതിൽനിന്നു് മാർക്സിസ്റ്റു കാഴ്ചപ്പാട് അപൂർണ്ണവും ഭാഗികവും മാത്രമാണെന്നും, ഹിന്ദുവിന്റെ കാഴ്ചപ്പാട് പൂർണ്ണവും സമഗ്രവുമാണെന്നും മനസ്സിലാക്കാം.

കാളിദാസൻ, ഷെക്സ്പീയർ തുടങ്ങിയ കവികൾ, ത്യാഗരാജൻ, ബീഥോവൻ തുടങ്ങിയ ഗായകന്മാർ, പിക്കാസോ, നന്ദലാൽ ബോസ് തുടങ്ങിയ ചിത്രകാരന്മാർ, ശ്രീ. ശങ്കരൻ, മാർക്സ് തുടങ്ങിയ ചിന്തകന്മാർ സി. വി. രാമൻ, എയിൻസ്റ്റിൻ തുടങ്ങിയ ശാസ്ത്രജ്ഞന്മാർ എന്നിവരുടെ വിസ്മയാവഹമായ പ്രതിഭ, കേവലം അചേതനമായ ജഡപദാർത്ഥത്തിന്റെ സൃഷ്ടിയാണെന്ന് കമ്മ്യൂണിസ്റ്റുകാർ വാദിക്കുമ്പോൾ, അത്, സകല ഗുണങ്ങൾക്കും അതീതനും, എന്നാൽ അതേസമയം സകല ഗുണങ്ങൾക്കും ആധാരവുമായ 'സച്ചിദാനന്ദം', പദാർത്ഥത്തിൽ വിലീനമായതിനുശേഷം, അതു ക്രമേണ പരിണമിച്ചുണ്ടായതാണെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു.

## കൊഴിയുന്ന സ്റ്റേററും ധർമ്മരാജ്യവും:—

മറ്റൊരു സുപ്രധാന മാർക്സിയൻസങ്കല്പം, കമ്മ്യൂണിസം നിലവിൽ വരുന്നതോടുകൂടി സ്റ്റേററ് കൊഴിഞ്ഞുപൊയ്ക്കൊള്ളും എന്നുള്ളതാണ്. എന്നാൽ റഷ്യയിലോ ചൈനയിലോ മറേറതു കമ്മ്യൂണിസ്റ്റ് രാജ്യത്തിലുമോ സ്റ്റേററ് കൊഴിഞ്ഞുപോകുന്നതിന്റെ യാതൊരു സൂചനയും ഇതുവരെ കാണുന്നില്ലെന്ന് മാത്രമല്ല, ഓരോയിടത്തും സ്റ്റേററിന്റെ ഉരുക്ക് ചട്ടക്കൂട് കൂടുതൽ ശക്തമായി വരുന്നതായിട്ടാണ് അനുഭവം. ഇവിടെയൊന്നും കമ്മ്യൂണിസം നിലവിൽ വന്നുകഴിഞ്ഞിട്ടില്ലെന്ന് ഒരുപക്ഷെ വാദിച്ചേക്കും. പക്ഷെ പ്രശ്നം അതല്ല. സ്റ്റേററ് കൊഴിഞ്ഞുപോകണമെങ്കിൽ, യാതൊരു ബലപ്രയോഗത്തിന്റെയും ആവശ്യകതകൂടാതെ ജനങ്ങൾക്ക് സമൂഹജീവിതം നയിക്കണമെങ്കിൽ, അതിനാവശ്യമായ മാനസികഘടന എങ്ങനെ നിലവിൽ കൊണ്ടുവരും? അന്യോന്യസഹകരണത്തിലും പരസ്പരപൂരകത്വത്തിലും അധിഷ്ഠിതമായ ഒരു ജീവിതചര്യക്ക് പ്രചോദനം നൽകുവാനുള്ള ഘടകമെന്താണ് ശുദ്ധഭൗതികവാദത്തിൽ വിശ്വസിക്കുന്ന കമ്മ്യൂണിസത്തിൽ? ഹിന്ദുധർമ്മം ഇതിനുത്തരം പറയുന്നു. ഹിന്ദുസങ്കല്പപ്രകാരം സ്റ്റേററ് ആവശ്യമില്ലാത്ത ഒരു കാലഘട്ടം വരും. സത്യയുഗത്തിൽ സ്റ്റേററ് ഇല്ലാതിരുന്നുവെന്നും പ്രജകൾ അന്യോന്യം ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ സ്വയം പരിപാലിച്ചുപോന്നു എന്നും മഹാഭാരതത്തിൽ പ്രസ്താവിച്ചുകാണുന്നുണ്ട്. കലിയുഗത്തിനു ശേഷം വരുന്ന കൃതയുഗത്തിലും സ്റ്റേററില്ലാത്ത അവസ്ഥ വന്നുചേരുമെന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. പക്ഷെ അതിനടിസ്ഥാനം ധർമ്മമായിരിക്കും. "നിലനിർത്തിക്കൊണ്ടു പോകുന്നതുകൊണ്ട് ധർമ്മമെന്ന് വിളിക്കുന്നുവെന്നും, ധർമ്മം സമൂഹത്തെ നിലനിർത്തുന്നു എന്നും" ആണ് ധർമ്മത്തിന്റെ നിർവ്വചനം. എന്നാൽ കാലക്രമേണ ഈ ധർമ്മത്തിനും ഗ്ലാനി സംഭവിക്കാം എന്ന് ഹിന്ദുധർമ്മം പറയുന്നു. അപ്പോൾ ധർമ്മത്തെ പുനഃസ്ഥാപിക്കാൻ വിശേഷാൽ പ്രയത്നം ആവശ്യമായി വരും. അതുകൊണ്ടാണല്ലോ "ധർമ്മത്തെ സംരക്ഷിക്കാൻ ഞാൻ യുഗംയുഗംതോറും അവതരിക്കും" എന്ന് ഗീതയിൽ ഭഗവാൻ പറയുന്നത്. ഭഗവാനെപ്പോഴും ഒരു വ്യക്തിയുടെ രൂപത്തിൽ അവതരിച്ചുകൊള്ളണമെന്നില്ല. ഭഗവാന്റെ അവതാരകൃത്യം ആയ ധർമ്മസ്ഥാപനം സമൂഹപ്രയത്നത്തിലൂടെയും സാധ്യമായിതീരാം. അതുകൊണ്ടാണ് 'മനുഷ്യപ്രയത്നംകൊണ്ട്



Scanned by CamScanner

യുഗം' എന്ന അർത്ഥത്തിൽ 'കൃതയുഗം'
**നിർമ്മിക്കപ്പെട്ട**
എന്ന പേർ നിലവിൽ വന്നത്.

കാലപ്രവാഹത്തിൽ ധർമ്മം ക്ഷയിക്കുമെന്നും സ്ഥാ
പനങ്ങൾ ദുഷിക്കുമെന്നും ഹിന്ദുക്കൾക്കറിയാമായിരുന്നു.
അതുകൊണ്ട് ഒരു സ്ഥാപനം ഒരു പ്രത്യേക കാലഘട്ട
ത്തിൽ എത്ര വിശിഷ്ടമായിരുന്നാലും അത് എല്ലാ കാല
ത്തും പ്രസക്തമായിരിക്കുകയില്ല. സ്ഥാപനങ്ങളും വ്യവ
സ്ഥകളും ദുഷിക്കുമ്പോൾ അവയെ മാററുകയും അവയുടെ
സ്ഥാനത്ത് പുതിയവയെ പ്രതിഷ്ഠിക്കുകയും ചെയ്യേണ്ടി
വരും. സത്യയുഗത്തിൽ വർണ്ണവ്യവസ്ഥയുണ്ടായിരുന്നി
ല്ല. എല്ലാവരും ഏകവർണ്ണമായിരുന്നു. പിന്നീട് ധർമ്മം
ക്ഷയിച്ചപ്പോൾ വർണ്ണവ്യവസ്ഥ വേണ്ടിവന്നു. എന്നാൽ
ആ വർണ്ണവ്യവസ്ഥയും കാലംകൊണ്ട് ദുഷിച്ചു. അതി
നാൽ അർത്ഥശൂന്യവും അപ്രസക്തവും ഹാനികരവും ആയി
ത്തീർന്ന വർണ്ണവ്യവസ്ഥയെ തച്ചുടച്ച് തൽസ്ഥാനത്ത്
ഒരു ഏകീകൃത സമൂഹത്തെ വാർത്തെടുക്കണമെന്ന് ഹിന്ദു
ക്കൾ വിശ്വസിക്കുന്നു. കാലാനുസൃതമായി ധർമ്മസങ്കല്പ
ത്തിൽ മാററം വരുത്തി ''യുഗധർമ്മം'' എന്ന സങ്കല്പം
കൈക്കൊള്ളണമെന്നും അതിന്റെ അടിസ്ഥാനത്തിൽ
ദുഷിച്ച സ്ഥാപനങ്ങളെയും വ്യവസ്ഥകളെയും മാററി
തൽസ്ഥാനത്ത് പുതിയവയെ നിർമ്മിക്കണമെന്നും ഉള്ള
താണ് ഹിന്ദുസങ്കൽപം. ഒരു വ്യവസ്ഥയും കാലത്തി
ന് ദുഷിപ്പിക്കുവാൻ കഴിയാത്തത്ര സംശുദ്ധമോ പരിപൂർ
ണ്ണമോ അല്ല. അതിനാൽ വ്യവസ്ഥകളുടെ കാര്യത്തിൽ
ഹിന്ദുക്കൾക്ക് യാതൊരു കടുംപിടുത്തവും ഇല്ല. മഹാക
വി ടെനിസനോ (Tennyson) ടൊപ്പം.

"The old order changeth yielding place to new
And God fulfils Himself in many ways
Lest one good custom should corrupt the world"

(പുതിയവയ്ക്ക് വഴിമാറിക്കൊടുത്തുകൊണ്ട്, പഴയ വ്യവ
സ്ഥിതി രൂപാന്തരപ്പെടുന്നു; ദൈവം, വിവിധ രീതിക
ളിൽ സ്വയം പൂർത്തീകരിക്കുന്നു; എന്തെന്നാൽ, ഒരു നല്ല



സമ്പ്രദായം, കാലക്രമേണ ലോകത്തെ ദുഷിപ്പിക്കരു
തല്ലൊ) എന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു. ഈ വീക്ഷ
ണത്തിലുള്ള ഹിന്ദുക്കളുടെ കാഴ്ചപ്പാട് ശ്രീഗുരുജി ഗോൾ
വാൾക്കറുടെ വാക്കുകളിൽ ഇങ്ങിനെ വിവരിക്കാം.

"Once the life-stream of unity begins to flow freely in all the veins of our body politic, the various limbs of our national life will automatically begin to function for the welfare of the Nation as a whole. Such a living and growing society will preserve out of its multitude of old systems and patterns whatever is essential and conducive to its progressive march, throw off those that have outlined their utility, and evolve new systems in their place. No one need shed tears at the passing of the old order nor shirk to welcome the new order of things. That is the nature of all living and growing organisms. As a tree grows, ripe leaves and dry twigs fall off making way for fresh growth. The main thing to bear in mind is to see that the life–sap of oneness permeates all parts of our social set–up. Every system or pattern will live or change or even entirely disappear according as it nourishes that life-sap or not. Hence, it is useless in the present social context to discuss about the future of all such systems. The supreme call of the time is to revive the spirit of inherent unity and the awareness of the life purpose in our society. All other things will take care of themselves." (നമ്മു
ടെ രാഷ്ട്രശരീരത്തിന്റെ സിരകളിൽക്കൂടി ജീവരക്തം ഒരി
ക്കൽ സ്വതന്ത്രമായി ഒഴുകാൻ ആരംഭിച്ചുകഴിഞ്ഞാൽ,
രാഷ്ട്രത്തിന്റെ മുഴുവൻ അഭ്യുദയത്തിനു സഹായകമാംവിധം
ദേശീയജീവിതത്തിന്റെ വിവിധ അവയവങ്ങൾ, സജീ

Scanned by CamScanner

വമായും സമഞ്ജസമായും പ്രവർത്തിച്ചുകൊള്ളും. അത്തരമൊരു സമൂഹം—ജീവിക്കയും വളരുകയും ചെയ്യുന്ന സമൂഹം—അതിന്റെ പഴയ വ്യവസ്ഥകളുടെയും മാതൃകകളുടെയും ശേഖരത്തിൽനിന്ന്, അതിന്റെ മുന്നോട്ടുള്ള യാത്രയ്ക്കു സഹായകവും അത്യാവശ്യവുമായവയെ നിലനിർത്തും. ഉപയോഗശൂന്യമായി കഴിഞ്ഞവയെ വലിച്ചെറിയും; അവയുടെ സ്ഥാനത്ത് പുതിയവയെ വളർത്തിയെടുക്കും; പഴയവ അന്തർധാനം ചെയ്യുന്നതിലാരും വിലപിക്കയും വേണ്ട, പുതിയ വ്യവസ്ഥിതിയെ സ്വാഗതം ചെയ്യുന്നതിനാരും വൈമനസ്യം കാണിക്കയും വേണ്ട. ജീവിക്കയും വളരുകയും ചെയ്യുന്ന എല്ലാ ജീവജാലങ്ങളുടെയും അവസ്ഥ അതാണ്. ഒരു വൃക്ഷം വളരുമ്പോൾ, പുതിയവ വളരാനനുവദിച്ചുകൊണ്ട്, ഉണങ്ങിയ ഇലകളും കൊമ്പുകളും കൊഴിഞ്ഞുപോകും. സമൂഹദേഹത്തിന്റെ എല്ലാ അവയവങ്ങളിലും, ഏകതയുടെ ജീവരസം ഒഴുകിക്കൊണ്ടിരിക്കുന്നു എന്നുറപ്പുവരുത്തുകയാണ് മുഖ്യവസ്തു. ആ ജീവരസത്തെ പുഷ്ടിപ്പെടുത്തുന്നോ ഇല്ലയോ എന്നതനുസരിച്ച് ഓരോ വ്യവസ്ഥിതിയും നിലനില്ക്കുകയോ രൂപാന്തരപ്പെടുകയോ നശിച്ചു പോകതന്നെയോ ചെയ്യും. അതിനാൽ ഇന്നത്തെ സാഹചര്യത്തിൽ, ഭാവി സാമൂഹ്യഘടനയെന്തായിരിക്കുമെന്നതിനെക്കുറിച്ച് വിവാദം നടത്തുന്നതു് വ്യർത്ഥമാണ്. ഇന്നത്തെ പരമ പ്രധാനമായ കടമ, സഹജമായ ഐക്യം ശക്തിപ്പെടുത്തുകയും, സമൂഹത്തിന്റെ ജീവിതലക്ഷ്യത്തെക്കുറിച്ചുള്ള ബോധം ഇളക്കിവിടുകയും ചെയ്യുക എന്നതാണ്. ബാക്കി കാര്യങ്ങളെല്ലാം സ്വയമേവ ശരിയായിക്കൊള്ളും.)

കാലാനുസൃതമായി മാറ്റങ്ങൾക്ക് വഴങ്ങിക്കൊടുക്കാനുള്ള ഹിന്ദുധർമ്മത്തിന്റെ അനായാസസന്നദ്ധത കൊണ്ടാണ് അനാദികാലംമുതൽക്കിന്നുവരെ അതു വെല്ലുവിളികളെ വിജയപൂർവ്വം തരണംചെയ്തു പോന്നിട്ടുള്ളതു്. കമ്യൂണിസ്റ്റുകാരെപ്പോലെ അതു് ആരുടെയും, ഒന്നിന്റെയും അപ്രമാദിത്വത്തിൽ വിശ്വസിക്കുന്നില്ല. 'മാർക്സിനു് ഇതുവരെ തെറ്റുപറ്റിയിട്ടില്ലെന്നും, കമ്യൂണിസം ഒരഖിലലോക വ്യവസ്ഥിതിയായി മാറുന്നതുവരെ മാർക്സിന്റെ സിദ്ധാന്തങ്ങൾ അങ്ങിനെതന്നെ നിൽക്കുകയും ചെയ്യുമെന്നു്'' (What is communism– Novsti press Agency Publishing house, Moscow) കമ്യൂണിസ്റ്റുകാർ വിശ്വസിക്കുമ്പോൾ ഒരു ഋഷിയുടേയും വാക്യം അന്തിമവാക്യമല്ല (നൈകോ ഋഷിർയസ്യ വചഃ പ്രമാണം) എന്നു് ഹിന്ദുക്കൾ വിശ്വസിക്കുന്നു. ഭഗവാൻ ശ്രീകൃഷ്ണൻതന്നെ ഗീതയുടെ അവസാനത്തിൽ അർജ്ജുനനോട് പറയുന്നതു് 'ഞാൻ പറഞ്ഞതു് മുഴുവൻ നീ വിമർശനബുദ്ധ്യാ കേട്ടതിനുശേഷം നിനക്കെന്തോ ഇഷ്ടം അതു ചെയ്യുക' എന്നാണ്. മാർക്സിസം, എല്ലാ സെമിറ്റിക് മതങ്ങളേയും പോലെ സംസാരിക്കുന്നു. ആർനോൾഡ് ടോയൻബിയുടെ ഭാഷയിൽ അതൊരു മതം തന്നെയാണ്. അതിനു് അതിന്റേതായ പ്രവാചകനും ഗ്രന്ഥവും പള്ളിയുമുണ്ട്. അവയുടെ അപ്രമാദിത്വത്തിൽ അതു വിശ്വസിക്കുന്നു. അനുയായികളെ അവയുടെ മതിൽക്കെട്ടിനകത്തു് തളച്ചിടുന്നു. എന്നാൽ ഹിന്ദുധർമ്മമാകട്ടെ അതിന്റെ അന്തസ്സത്തക്കനുസരിച്ച് സത്യത്തിലേക്ക് പല മാർഗ്ഗങ്ങളുണ്ടെന്നു് വിശ്വസിക്കയും ഇഷ്ടമുള്ളതു തെരഞ്ഞെടുക്കുവാൻ അനുയായികൾക്കു് പൂർണ്ണസ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു.



## III

### ഗീതയും നമ്പൂതിരിപ്പാടും:

മതത്തോടു പൊതുവേയും, ഹിന്ദുമതത്തോടു പ്രത്യേകിച്ചും ഇന്ത്യൻ മാർക്സിസ്റ്റുകൾക്കുള്ള സമീപനം, ഭഗവദ്ഗീതയെക്കുറിച്ചുള്ള ഒരു ചോദ്യത്തിനു് മറുപടിയായി ഇ. എം. എസ്. നമ്പൂതിരിപ്പാടു് ചിന്തയിലെഴുതിയ വാക്യങ്ങൾ വ്യക്തമാക്കുന്നു. വെട്ടിത്തുറന്നു പറയാതെതന്നെ, 'ഗീതമാത്രമല്ല, മറ്റു ഹൈന്ദവ പ്രാമാണികഗ്രന്ഥങ്ങളും' 'ആധുനിക യുഗ'ത്തിലെ ജനാധിപത്യം, 'ബഹുഭൂരി മതനിരപേക്ഷത എന്നിവയ്ക്കെതിരാണെന്നും,

Scanned by CamScanner

പക്ഷം ദരിദ്രരായിതീർന്നതും ഒരു ചെറു ന്യൂനപക്ഷം മാ
ത്രം സുഖസമൃദ്ധിയിലാറാടുന്നതും' ഗീതയുടെ പാഠത്തിൽ
വിശ്വസിക്കുന്നതുകൊണ്ടാണെന്നും 'ആധുനിക സയൻ
സിൻേറതായ ഈ കാലഘട്ടത്തി'ന് അതൊക്കെ തീരെ
നിരക്കാത്തതാണെന്നും, ഇന്ത്യയിൽ 'മൗലികമായ മാററം
വരുത്തുന്നതിനും' 'ഇന്ത്യയുടെ ആധുനികവൽക്കരണത്തി
നും' ഹൈന്ദവ പാരമ്പര്യം പരിത്യജിക്കേണ്ടതാവശ്യമാ
ണെന്നും എല്ലാം നമ്പൂതിരിപ്പാട് അദ്ദേഹത്തിന് സഹജ
മായ കൌശലത്തോടെ, 'സത്യത്തെ ഒളിപ്പിച്ചും അസത്യ
ത്തെ ധ്വനിപ്പിച്ചും'കൊണ്ട് വാദിക്കുന്നു. എന്നാൽ അതോ
ടൊപ്പം, താൻ 'അപൂർണ്ണ'മായി മാത്രമേ ഗീത പഠിച്ചി
ട്ടുള്ളൂ എന്ന് സമ്മതിക്കുകയും ചെയ്യുന്നു. ഇത്ര ഗൗരവമേ
റിയ ഒരു വിഷയത്തെക്കുറിച്ച് പൂർണ്ണമായി പഠിക്കാതെ
അഭിപ്രായപ്രകടനം നടത്തുന്നതു് ഉചിതമല്ല എന്ന ബോ
ധം ഇന്ത്യൻ കമ്യൂണിസ്റ്റുകാർക്കുണ്ടാകേണ്ടതാണ്. അല്ലാ
തിരുന്നാൽ, കൂടുതൽ അജ്ഞരായ ആളുകളിൽ അതു
ബുദ്ധിഭേദം ജനിപ്പിക്കും. ഒരു പക്ഷേ, അതുതന്നെയായി
രിക്കുമല്ലോ നമ്പൂതിരിപ്പാടിൻെറ ഉദ്ദേശ്യവും. എന്നിരു
ന്നാലും, 'ന ബുദ്ധിഭേദം ജനയേദജ്ഞാനാം' എന്ന ഗീതാ
വചനം തന്നെ ഞാനിവിടെ ഉദ്ധരിക്കട്ടെ.

ഭഗവദ്ഗീതയുടെ പാരമ്പര്യം ഭാരതത്തെ അധ:പത
നത്തിലേയ്ക്കു നയിച്ചു എന്നതാണ് മേൽപറഞ്ഞതിൻെറ
രത്നച്ചുരുക്കം. ഭഗവദ്ഗീതയുടെ പാരമ്പര്യം പിന്തുടന്ന
താണോ പിന്തുടരാത്തതാണോ അധ:പതന കാരണമായി
ത്തീർന്നതെന്ന വിഷയത്തിലേയ്ക്കു് ഇവിടെ കടക്കുന്നില്ല.
ഭാരതത്തിൻെറ ചിന്താഗതിയിൽ കാതലായ മാററം വരു
ത്തിയിട്ടുള്ള മഹാന്മാർ-ശങ്കരാചാര്യർ, മധ്വാചാര്യർ, രാ
മാനുജാചാര്യർ, തിലക്, ഗാന്ധിജി, അരവിന്ദഘോഷ്
തുടങ്ങിയവർ—അതിനുള്ള മാർഗ്ഗമായി സ്വീകരിച്ചതു്
ഗീതയ്ക്കു് കാലാനുസൃതമായ വ്യാഖ്യാനം നൽകുക എന്നു
ള്ളതായിരുന്നുവെന്നു നമുക്കറിയാം. ഇവരാരും തന്നെ
അന്ധവിശ്വാസികളോ ഭാരതത്തെ പിന്നോട്ട് നയിച്ചവ
രോ അല്ല. ഗീതയ്ക്കു് എതിരായ മാർക്സിസ്റ്റ് ആരോ
പണം അതു് ആധുനികയുഗത്തിനും ശാസ്ത്രീയ ചിന്താഗ



തിയ്ക്കും അനുയോജ്യമല്ല എന്നതാണ്. ഇതേപ്പററി ഒരു
വാദപ്രതിവാദത്തിലേക്കു കടക്കുന്നതിനു പകരം, ലോകം
കണ്ടിട്ടുള്ളതിൽ വെച്ചേററവും മഹാന്മാരായ ശാസ്ത്രജ്ഞ
ന്മാരിൽ ഒരാളായ ആൽബർട്ട് ഐൻസ്റ്റൺ ൻെറ ഒരു വാ
ക്യം ഇവിടെ ഉദ്ധരിക്കാം. 'I have made Gita as the
main source of my inspiration and guidance for
the purpose of Scientific investigations and for-
multion of my theories' (ശാസ്ത്രീയ ഗവേഷണ
ങ്ങൾക്കും സിദ്ധാന്ത രൂപീകരണങ്ങൾക്കും ഉള്ള എൻെറ
പ്രചോദനത്തിൻെറ ഉറവിടവും, മാർഗ്ഗദർശിയുമായി
ഞാൻ ഭഗവത് ഗീതയെയാണ് സ്വീകരിച്ചിട്ടുള്ളതു്.)
തൻെറ ശാസ്ത്രീയ ഗവേഷണങ്ങൾക്കും സിദ്ധാന്ത രൂപീ
കരണങ്ങൾക്കും മാർഗ്ഗദർശകവും പ്രചോദനകേന്ദ്രവുമായി
ഐൻസ്റ്റിൻ സ്വീകരിച്ചിരുന്നതു് ഭഗവദ്ഗീതയാണെ
ങ്കിൽ ആ ഗീത ആധുനിക യുഗത്തിനും ശാസ്ത്രീയ
ചിന്താഗതിയ്ക്കും വിരുദ്ധമാണെന്ന് പറയുന്നതിൽ കവി
ഞ്ഞ വിഡ്ഢിത്തമുണ്ടോ?

മേൽപറഞ്ഞതു് ഗീതയെപ്പററി മാത്രമല്ല മതത്തെ
പ്പററി പൊതുവെയുള്ള കമ്യൂണിസ്റ്റ് ചിന്താഗതിയാണെ
ന്ന് നമുക്കറിയാം. അതിന് സമാധാനമായി ഐൻസ്റ്റി
നെത്തന്നെ ഒരിക്കൽക്കൂടി ഉദ്ധരിച്ചുകൊള്ളട്ടെ''........
If one conceives of science and religion according
to these definitions, then a conflict between them
appears impossible......Even though the realms
of religion and Science in themselves are clearly
marked off from each other, nevertheless there
exist between the two, strong reciprocal relation-
ships and dependencies. Though religion may be
that which determines the goal, it has, nevertheless
learned from Science, in the broadest sense, what
means will contribute to the attainment of the
goals it has set up. But science can only be created
by those who are thoroughly imbued with the

Scanned by CamScanner

aspiration towards truth and understanding. This source of feeling, however, springs from the sphere of religion. To this there also belongs the faith in the posibility that regulations valid for the world of existence are rational, that is, comprehensible to reason. I cannot conceive of a genuine Scientist without that profound faith. The situation may be expressed by an image: **Science without religion is lame, religion without Science is blind**. (....ശാസ്ത്രത്തിന്റെയും മതത്തിന്റെയും മേൽപറഞ്ഞ നിർവചനങ്ങൾ അംഗീകരിക്കുന്ന പക്ഷം, അവ തമ്മിൽ വൈരുദ്ധ്യത്തിനു് കാരണമില്ല....മതത്തിന്റെയും ശാസ്ത്രത്തിന്റെയും മണ്ഡലങ്ങൾ പ്രത്യേകം പ്രത്യേകം വിഭജിക്കപ്പെട്ടവയാണെങ്കിലും, അവതമ്മിൽ പരസ്പരാശ്രയത്തിന്റെയും അന്യോന്യബന്ധത്തിന്റെയും ആയ ഭാവമാണുള്ളതു്. ലക്ഷ്യമെന്തെന്നു് നിർണ്ണയിക്കുന്നതു് മതമാണെങ്കിലും, അങ്ങിനെ നിർണ്ണയിക്കപ്പെട്ട ലക്ഷ്യത്തിലേക്കു നയിക്കുന്ന മാർഗ്ഗങ്ങളേതൊക്കെയാണെന്നു് വിശാലമായ അർത്ഥത്തിൽ ശാസ്ത്രത്തിൽ നിന്നാണു് മതം പഠിക്കുന്നതു്. എന്നാൽ സത്യം, അറിവ് എന്നിവയ്ക്കുവേണ്ടി പ്രബലമായ അഭിവാഞ്ഛകൊണ്ടു് അടിമുടി നിറഞ്ഞിരിക്കുന്നവർക്കുമാത്രമേ ശാസ്ത്രത്തെ നിർമ്മിക്കാൻ കഴിയൂ. ഈ അഭിവാഞ്ഛയുടെ സ്രോതസ്സു് മതത്തിന്റെ മണ്ഡലത്തിൽപെടുന്നു. അസ്തിത്വത്തിന്റെ ലോകത്തിനു് പ്രസക്തമായ നിയമങ്ങൾ യുക്തിയുക്തമാണു്, ബുദ്ധിക്കു് അഭിഗമ്യമാണു് എന്ന സാദ്ധ്യതയും ഇതിലടങ്ങിയിരിക്കുന്നു. ആ അഗാധ വിശ്വാസമില്ലാത്ത ഒരു ശാസ്ത്രജ്ഞനെ എനിക്കു സങ്കൽപ്പിക്കാൻ കൂടി കഴിയുകയില്ല. ഈ സാഹചര്യത്തെ ഇങ്ങനെ വിവരിക്കാം. **'മതം കൂടാതെ ശാസ്ത്രം മുടന്തനായിപ്പോകുന്നു; ശാസ്ത്രംകൂടാതെ മതം അന്ധനായും.)**

'ചാതുർവർണ്യം മയാസൃഷ്ടം', എന്നും 'കർമ്മണ്യേവാധികാരസ്തേ' എന്നും തുടങ്ങുന്ന രണ്ടു ഗീതാ ശ്ലോകങ്ങൾ



ഉദ്ധരിച്ചുകൊണ്ടാണു് നമ്പൂതിരിപ്പാടു് ഭഗവത്ഗീതയെ പ്രതിക്കൂട്ടിൽ കയററുന്നതു്. ഗീത 'അപൂർണ്ണമായി മാത്രം' പഠിച്ചതുകൊണ്ടു് ഉണ്ടായ അപാകതയാണു് ഇതിന്നു് കാരണമെന്നു് പറയാൻ തെല്ലും മടിക്കേണ്ടതില്ല. ചാതുർവർണ്ണ്യം എല്ലാ കാലത്തും നിലനിർത്തിക്കൊള്ളണമെന്നു് ഗീതയിലെവിടെയും പറഞ്ഞിട്ടില്ല. ഒരുകാലത്തു് നിലനിന്നിരുന്ന ചാതുർവർണ്ണ്യവ്യവസ്ഥയുടെ അടിസ്ഥാനം ഗുണവും കർമ്മവുമായിരുന്നുവെന്നു്—ജന്മമായിരുന്നില്ലെന്നു്—ചൂണ്ടിക്കാണിക്കുക മാത്രമാണു് ഗീതയിൽ ചെയ്തിട്ടുള്ളതു്. ഇക്കാര്യത്തെപ്പററി ശ്രീ അരവിന്ദൻ പറയുന്നതു് ഇതിനു് തെളിവാണു്. 'On the mere strength of this phrase it cannot altogether be concluded that the Gita regarded this system as an eternal and universal social order. Other ancient authorities did not so regard it, rather they distinctly state that it did not exist in the beginning and will collapse in a later age of the cycle.' (ഈ ഒരു ശ്ലോക ശകലത്തിന്റെ ബലത്തിന്മേൽ മാത്രം, ഭഗവദ്ഗീത ഈ വ്യവസ്ഥിതിയെ ശാശ്വതവും സാർവ്വത്രികവുമായ ഒന്നായി പരിഗണിച്ചിരുന്നു എന്ന നിഗമനത്തിലെത്തിക്കൂടാ. മററു പ്രാചീന പ്രമാണങ്ങൾ അങ്ങിനെ കരുതിയിട്ടില്ല; പ്രത്യുത അവർ വ്യക്തമായി പറയുന്നു, ഈ വ്യവസ്ഥിതി ആദിയിലുണ്ടായിരുന്നില്ല, വരാൻ പോകുന്ന യുഗചക്രത്തിൽ അതു തകർന്നുപോവുകയും ചെയ്യും എന്നു്)

ഗീതയുടെ അൻപതിനായിരം പ്രതികൾ കമ്യൂണിസ്റ്റു് ചൈന വാങ്ങിയിരിക്കുന്നുവെന്നു് ഈയിടെ വന്ന പത്രവാർത്ത ഗീതയെക്കുറിച്ചും ഹൈന്ദവ ദർശനത്തെക്കുറിച്ചും ഉള്ള നിലപാടു് കമ്യൂണിസ്റ്റു് രാജ്യങ്ങൾ പുനരവലോകനം നടത്തിക്കൊണ്ടിരിക്കുന്നു എന്നതിനു് തെളിവാണു്. ഇന്ത്യൻ കമ്യൂണിസ്റ്റുകാർക്കു് അവരുടെ നിലപാടു് പുന:പരിശോധിക്കാൻ ഇതു് സഹായകമായി തീരുമെന്നു് ആശിക്കാം. ഗീതയെക്കുറിച്ചു് മാത്രമല്ല രാമായണം മഹാഭാരതം തുടങ്ങിയ ഇതിഹാസ ഗ്രന്ഥങ്ങളെക്കുറി

Scanned by CamScanner

ച്ചും കമ്യൂണിസ്റ്റുകാരുടെ നിലപാട് ഏതാണ്ടിതുതന്നെയാണ്. സനാതന മൂല്യങ്ങൾ എന്നൊന്നില്ലെന്നും സനാതനമൂല്യങ്ങളുടെ പേരിൽ നാം സമാദരിച്ചുപോന്ന രാമായണാദിഗ്രന്ഥങ്ങൾ ഇന്ന് കാലഹരണപ്പെട്ടു കഴിഞ്ഞിരിക്കുന്നുവെന്നും സമർത്ഥിച്ചുകൊണ്ട് 'സാഹിത്യവും സമൂഹവും' എന്ന തന്റെ ലേഖനത്തിൽ നമ്പൂതിരിപ്പാട് ചൂണ്ടിക്കാണിക്കുന്നു, മുൻ തലമുറയിൽ 'സ്ത്രീകൾ അതീവ താല്പര്യത്തോടെ വായിച്ചിരുന്ന അത്തരം ഗ്രന്ഥങ്ങൾക്കു പകരം ഇന്ന് പെൺകുട്ടികൾ മാസികകൾ ആഴ്ചപ്പതിപ്പുകൾ എന്നിങ്ങനെ മതവുമായി യാതൊരു ബന്ധവുമില്ലാത്ത മാദ്ധ്യമങ്ങളാണ് താല്പര്യത്തോടെ വായിക്കുന്നത്'' എന്ന്. രാമായണത്തിലെ മൂല്യങ്ങൾ ഇന്ന് അപ്രസക്തമായിതീർന്നു എന്നാണല്ലോ ഇതിന്റെ വിവക്ഷിതാർത്ഥം. ഇതിന് തക്കതായ മറുപടി റഷ്യയിൽ നിന്നുതന്നെ വരുന്നതായിരിക്കും ഉചിതം. രാമായണമിന്ന് നാടകരൂപത്തിൽ റഷ്യയിലുടനീളം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. രാമായണ പ്രൊഡക്ഷന്റെ ഡയറക്ടറും റഷ്യൻ കലാകാരഫെഡറേഷന്റെ മേധാവിയുമായ ഗന്നടിപേക്കിനിക്കോവ് ഇങ്ങനെ എഴുതുന്നു. 'It helps them get a glimpse of the rich, unique treasures of Indian culture and this great work of the Indian people upholds the humanistic ideals that all Soviet people subscribe to. The Ramayana extols the victory of good over evil, the triumph of justice and faithfulness. We shall be very happy if these ideals will touch the hearts of every new generation of our audiance.' (ഭാരതീയ സംസ്കാരത്തിന്റെ നിസ്തുല്യവും സമ്പന്നവുമായ നിധികളെക്കുറിച്ച് ഒരു വീക്ഷണം കിട്ടുവാൻ ഇതു സഹായിക്കുന്നു. എല്ലാ സോവിയറ്റ് ജനതയും സമാദരിക്കുന്ന മാനുഷിക ആദർശങ്ങളെ ഇത് ഉയർത്തിപ്പിടിക്കുന്നു. തിന്മയുടെമേൽ ഉള്ള നന്മയുടെ വിജയത്തെയും, നീതിയുടേയും വിശ്വസ്തതയുടേയും പാരമ്യത്തെയും അത് പ്രഖ്യാപനം ചെയ്യുന്നു. നമ്മുടെ പ്രേക്ഷകരുടെ ഓരോ പുതിയ തലമുറയുടേയും



ഹൃദയങ്ങളെ ഈ ആദർശങ്ങൾ സ്വാധീനിക്കുമെങ്കിൽ നാം സന്തുഷ്ടരാണ്.)

റഷ്യയിലെ വരുന്ന ഓരോ തലമുറയും രാമായണത്തിലെ ശാശ്വതമൂല്യങ്ങൾ ഉൾക്കൊള്ളണമെന്ന് റഷ്യക്കാരാഗ്രഹിക്കുമ്പോൾ ഇന്ത്യൻ കമ്യൂണിസ്റ്റുകാർ ശാശ്വതമൂല്യങ്ങൾ എന്നൊന്നില്ലെന്ന് വാദിക്കുകയും, രാമായണത്തിന് പകരം വിലകുറഞ്ഞ ആഴ്ചപ്പതിപ്പുകൾ വായിച്ച് തൃപ്തിയടയുന്ന പുതിയ തലമുറയെച്ചൊല്ലി അഭിമാനം കൊള്ളുന്നു! എന്തൊരു വിരോധാഭാസമാണിത്!

അത്യുജ്ജ്വലങ്ങളും ശാസ്ത്രശുദ്ധങ്ങളുമായ ഭാരതീയ ദർശന ഗ്രന്ഥങ്ങളെക്കുറിച്ച് ഇന്ത്യൻ കമ്യൂണിസ്റ്റുകാർ പൊതുവെ അജ്ഞരും അഭിമാനശൂന്യരുമാണ്. പക്ഷെ അവയെപ്പററി എന്തെങ്കിലും കാരണവശാൽ പഠിക്കാനിടവരുമ്പോൾ അവരിൽ വരുന്ന മാററങ്ങൾക്ക് തെളിവാണ് പരേതനായ കെ. ദാമോദരൻ, ബാണി ദേശ്പാണ്ഡെ തുടങ്ങിയവർ. ഒരു പ്രമുഖ കമ്യൂണിസ്റ്റ് ചിന്തകനായ ബാണി ദേശ് പാണ്ഡെ, മാർക്സിസത്തിനെതിരായി ഒരു മാറാഠി മാസികയിൽ വന്ന ലേഖനങ്ങൾക്ക് മറുപടി പറയാൻ വേണ്ടി വേദാന്തദർശനത്തെക്കുറിച്ച് പഠനം നടത്തുകയും ഒരു ലേഖനപരമ്പരതന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തു. അവ 'The Universe of Vedanta' എന്ന വിവാദവിഷയമായ ഒരു ഗ്രന്ഥത്തിന്റെ രൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. അനേകായിരം കൊല്ലങ്ങൾക്കുമുമ്പ് ഭാരതീയാചാര്യന്മാർ കണ്ടുപിടിച്ച ദർശനങ്ങൾ ഇന്നത്തെ അത്യന്താധുനിക ദർശനങ്ങളോട്—മാർക്സിയൻ ദർശനത്തോടുപോലും—എങ്ങിനെ കിടപിടിപ്പിക്കുന്നുവെന്ന് അത്ഭുതം നിറഞ്ഞ ആരാധനാമനോഭാവത്തോടുകൂടി അദ്ദേഹം ആ പുസ്തകത്തിൽ ഉടനീളം ചൂണ്ടിക്കാണിക്കുന്നു. ഒരു വാക്യം മാത്രം ഇവിടെ ഉദാഹരണത്തിന് ഉദ്ധരിക്കാം. 'This sutra of Patanjali which should be rightly considered the greatest feat of scientific thinking and which runs like a

Scanned by CamScanner

silver thread throughout the fabric of Vedanta philosophy, after thousands of years, once again assumed great world significance when **Karl Marx literally repeated it in the last century** by declaring the universality of the laws of dialectics and established the apex of scientific thinking in the realm of philosophy and science.' (ശാസ്ത്രീയ ചിന്തയുടെ അത്യുത്തുത നേട്ടമെന്ന് സത്യമായും വിളിക്കാവുന്ന പതഞ്ജലിയുടെ ഈ സൂത്രം, വേദാന്ത ദർശനങ്ങളുടെ മുഴവൻ മദ്ധ്യത്തിലൂടെ ഒരു വെള്ളിച്ചരട് പോലെ ഓടുന്ന ഈ സൂത്രം, ആയിരക്കണക്കിനു കൊല്ലങ്ങൾക്കു ശേഷം, കഴിഞ്ഞ നൂററാണ്ടിൽ, അതിനെ ഏതാണ്ട് **അക്ഷരംപ്രതി കാറൽമാർക്സ് എടുത്താവർത്തിക്കുകയും** വൈരുദ്ധ്യാത്മകതയുടെ സാർവ്വജനീനത പ്രഖ്യാപിക്കുകയും, ശാസ്ത്രത്തിൻെറയും തത്വചിന്തയുടേയും മണ്ഡലത്തിൽ അതിനെ അത്യുച്ചസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്തപ്പോൾ, അത് സാർവ്വലൌകിക പ്രാധാന്യം കൈവരിച്ചു.)

ഭൗതികേതരവും ശാസ്ത്രീയ ഉപകരണങ്ങളുടെ ഗവേഷണങ്ങൾക്കതീതവും ആയി എന്തെങ്കിലും ഉണ്ടെന്ന് വിശ്വസിക്കാത്ത കമ്യൂണിസ്റ്റുകാർ അധികാരത്തിലിരിക്കുന്ന രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാരും ബുദ്ധിജീവികളും ഇന്ന് ഇന്ദ്രിയാതീതമായ ഒരു ലോകത്തിൻെറ സാദ്ധ്യതയെ അംഗീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. ടെലിപതി, ക്ലേയർവൊയൻസ് (Clairvoyance) തുടങ്ങിയ ഇന്ദ്രിയാതീതവിഷയങ്ങളെക്കുറിച്ചുള്ള വിജയപ്രദമായ പരീക്ഷണങ്ങൾ സോവിയററ് റഷ്യയിലും മററുചില കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലും ഇന്ന് നടന്നുകൊണ്ടിരിക്കുന്നു എന്ന് Great Soviet Encyclopedia തുറന്നു സമ്മതിക്കുന്നു. ഭൗതികവാദത്തിൻെറ അടിത്തറയെത്തന്നെ അപകടത്തിലാക്കിയേക്കാവുന്ന അത്തരം പരീക്ഷണങ്ങളുടെ ഫലങ്ങൾ അവർ പരസ്യമായി പ്രസിദ്ധം ചെയ്യുന്നില്ലെന്നുള്ളത് വാസ്തവംതന്നെ. എന്നാൽ അത്തരം കാര്യങ്ങൾ



ഇന്നൊരു യാഥാർത്ഥ്യമായി കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. മോസ്കോ സർവ്വകലാശാലയിൽ Psychotronics എന്നൊരു വിഭാഗം തന്നെ ഇതിനുവേണ്ടി പ്രവർത്തിച്ചു വരുന്നതായി ബാണി ദേശ്പാണ്ഡെ രേഖപ്പെടുത്തുന്നു. വിഖ്യാതരായ ഇന്ത്യൻ ദാർശനികന്മാരെ ക്ഷണിച്ചുവരുത്തി ഭാരതീയ തത്വചിന്തയെപ്പററി പ്രഭാഷണങ്ങൾ നടത്തിക്കുന്നതും മോസ്കോ യൂണിവേഴ്സിററിയിൽ ഒരു പതിവായി തീർന്നിരിക്കുന്നു. വേദാന്ത ദർശനത്തെക്കുറിച്ച് സ്വാമി രംഗനാഥാനന്ദ നടത്തിയ പ്രഭാഷണത്തിനുശേഷം 'ഞങ്ങൾ ഒരു പുതിയവെളിച്ചം കണ്ടെത്തി' എന്ന് മോസ്കോയിലെ ചിന്തകന്മാർ തുറന്നു സമ്മതിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്, ഭാരതീയ തത്വചിന്തയോട്—ഹിന്ദുജീവിത ദർശനത്തോട്—കമ്യൂണിസ്റ്റ് രാജ്യങ്ങളിലും ആഭിമുഖ്യം വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതിനു വേണ്ടതെളിവുകളുണ്ട്.

1965 ൽ ചൈന സന്ദർശിച്ച കെ. ദാമോദരൻ ഉൾപ്പെട്ട ഒരു പ്രതിനിധിസംഘത്തോട് 'നിങ്ങൾ ആദ്യമേ ഭാരതീയ ദർശനങ്ങൾ പഠിയ്ക്കൂ, എന്നിട്ടാവാം മാർക്സിസ്റ്റ് ദർശനം പഠിക്കുക' എന്ന് മാവോസേതുങ്ങ് ഉപദേശിച്ചതായി ഒരു പ്രമുഖ കമ്യൂണിസ്റ്റ് നേതാവുതന്നെ പറഞ്ഞുകേട്ടിട്ടുണ്ട്. അതിൽ അതിശയത്തിന് വകയുണ്ടെന്ന് തോന്നുന്നില്ല. എന്തെന്നാൽ ആ നിർദ്ദേശം അതിലും ശക്തിയായ രൂപത്തിൽ ലെനിൻ റഷ്യൻ ബുദ്ധിജീവികളോട് ആവശ്യപ്പെട്ടിരുന്നതായി ആധികാരികമായ രേഖയുണ്ട്. S. P. Oldenburg നോട് സംഭാഷണ മദ്ധ്യേ ലെനിൻ ഇങ്ങനെ പറഞ്ഞതായി N. P. Anikieev എഴുതിയ 'Modern Ideological struggle for the Ancient Philosophical Heritage of India എന്ന ഗ്രന്ഥത്തിൽ കാണുന്നുണ്ട്. 'Well, here is your Subject. It seems far away, yet it is close. Go to the masses, to the workers, and tell them about the history of India ……and see how they will respond to it. And you yourself……draw inspiration from

it for fresh research work and study of great scientific importance.’(നോക്കൂ, ഇതാണ് നിങ്ങൾ ചെയ്യേണ്ടത്. അത് വളരെ വിദൂരത്താണെന്ന് തോന്നാം. എന്നാലതു വളരെ സമീപത്താണ്. ജനസാമാന്യത്തിലേക്ക്, തൊഴിലാളികൾക്കിടയിലേക്കു പോയി, അവരോട് ഭാരതത്തിന്റെ ചരിത്രം പറഞ്ഞുകൊടുക്കൂ. അവരതിനോടെങ്ങിനെ പ്രതികരിക്കുന്നുവെന്നു നോക്കൂ. നിങ്ങളും സ്വയം പുതിയ ഗവേഷണങ്ങൾക്കും, ശാസ്ത്രീയ പ്രാധാന്യമുള്ള പ്രവർത്തനങ്ങൾക്കും അതിൽ നിന്ന് പ്രചോദനം കണ്ടെത്തൂ.)

## പാളിച്ചയോ പാതകമോ?

മാവോസേതുങ്ങിന്റെയും ലെനിന്റെയും ഉപദേശം ഉൾക്കൊള്ളാൻ ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് കഴിയാതെപോയി. റഷ്യയിലെയും ചീനയിലേയും കമ്യൂണിസ്റ്റുകാർ ആത്യന്തികമായി ദേശീയവാദികളായിരുന്നെങ്കിൽ, ഇവിടുത്തെ കമ്യൂണിസ്റ്റുകാർ ദേശീയധാരയിൽനിന്ന് അകന്നു നില്ക്കുകയാണ് ചെയ്തത്. രാഷ്ട്രത്തിന്റെ മനസ്സാക്ഷിയെ മഥിച്ച നിർണ്ണായക ഘട്ടങ്ങളിൽ അവർ സ്വീകരിച്ച നിലപാട് ദേശീയ ഭാരതത്തെക്കൊണ്ട് അവരെ ദേശദ്രോഹികളെന്നു വിളിപ്പിച്ചു. പിന്നീടുള്ള വിലയിരുത്തലിൽ അവർക്ക് അവരുടെ പരാജയം മനസ്സിലായെങ്കിലും, അതിനെ ഒരു പാളിച്ചയായി മാത്രമെ അവർ കണക്കാക്കിയുള്ളു. മഹാത്മജിയുടെ നേതൃത്വത്തിൽ ക്വിറ്റ് ഇന്ത്യാ സമരം നടന്ന കാലത്ത്, ഭാരതസ്വാതന്ത്ര്യത്തെ ഒറ്റിക്കൊടുത്തുകൊണ്ട്, ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്റെ ഭാഗത്ത് അണിനിരന്നത് വാസ്തവത്തിൽ വെറുമൊരു പാളിച്ച മാത്രമായി കരുതാമോ? മാതൃഭൂമിയുടെ സ്വാതന്ത്ര്യം നേടാൻവേണ്ടി ജപ്പാന്റെ സഹായംപോലും തേടിയ നേതാജി സുഭാഷ് ചന്ദ്രബോസിനെ ജാപ്പ് ഏജന്റ് എന്നപഹസിച്ചത് ഒരു പാളിച്ചയാണോ? ഭാരതത്തെ വെട്ടിമുറിച്ച് പാക്കിസ്ഥാൻ വേണമെന്ന് വാദിച്ച്, പ്രത്യക്ഷസമരം നടത്തി ലക്ഷക്കണക്കിനാളുകളുടെ ജീവരക്തമൊഴുക്കിയ മുസ്ലീംലീഗിന്റെ ഭാഗത്തണിനിരന്ന്, പാക്കിസ്ഥാൻ കൊടുക്കണമെന്ന് വാദിച്ചത് കേവലം പാളിച്ച മാത്രമാണോ? ഇവയെല്ലാം പാളിച്ച മാത്രമായിട്ടാണു കണക്കാക്കുന്നതെങ്കിൽ അവർ ചെയ്ത പാതകത്തിന്റെ തനിസ്വഭാവം അവരിനിയും മനസ്സിലാക്കുന്നില്ലെന്നർത്ഥം.



പക്ഷെ പ്രസക്തമായ പ്രശ്നം ഇതാണ്. എന്തുകൊണ്ട്, കെ. ദാമോദരൻ പറയുന്നതുപോലെ, ‘അവർ ഒന്നിലധികം പ്രാവശ്യം സാമ്രാജ്യത്വവിരുദ്ധ ദേശീയപ്രസ്ഥാനത്തിന്റെ മുഖ്യധാരകളിൽനിന്ന് അകന്നു നില്ക്കുകപോലും ചെയ്തു.’ ഒരിക്കലാണെങ്കിൽ പാളിച്ചയാവാം. ഒന്നിലധികം പ്രാവശ്യമായയാലോ?

ഇതിനു കാരണം, ഭാരതീയ ദേശീയതയെ അറിയാനും അംഗീകരിക്കാനും ഇന്ത്യൻ കമ്യൂണിസ്റ്റുകാർക്കു കഴിയാതെ പോയതാണ്. ആദ്ധ്യാത്മികതയുടെ നാടായ ഭാരതത്തിൽ, ദേശീയതയും ആത്മീയതയും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു എന്നതാണ് വാസ്തവം. സനാതന ധർമ്മമാണ് ഭാരതത്തിന്റെ ദേശീയത്വമെന്നും, സനാതന ധർമ്മം നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്യാൻ വേണ്ടിയാണ് ഭാരതം സ്വാതന്ത്ര്യം നേടുന്നതെന്നും ശ്രീ. അരവിന്ദൻ സുപ്രസിദ്ധമായ ‘ഉത്തരപ്പാറാ’ പ്രസംഗത്തിൽ പറയുന്നുണ്ട്. ഇതേ ആശയം, സ്വാമി വിവേകാനന്ദനും പ്രചരിപ്പിച്ചിട്ടുണ്ട്. ഇതേ വാക്കുകളിലല്ലെങ്കിലും ഗാന്ധിജിയെപ്പോലുള്ള ആദ്ധ്യാത്മികവാദികളും, ഭാരതവും ആദ്ധ്യാത്മികതയും തമ്മിലുള്ള അഭേദ്യബന്ധം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇന്ത്യൻ ദേശീയത്വത്തെപ്പറ്റി ഭഗിനി നിവേദിത പറയുന്നതിങ്ങനെയാണ്:– ‘വേദത്തിലും ഉപനിഷത്തിലുംകൂടി ഉച്ചരിച്ച ശക്തി, മതങ്ങളെയും

Scanned by CamScanner

സാമ്രാജ്യങ്ങളെയും വാർത്തെടുത്ത ശക്തി, വിദ്വാന്മാരുടെ വിജ്ഞാനത്തിലും ഋഷിമാരുടെ ധ്യാനത്തിലും ഉറന്നു വന്ന ശക്തി, വീണ്ടും നമുക്കിടയിൽ, ദേശീയതയായി ഇന്നവതരിച്ചിരിക്കുന്നു.' ഭാരതീയ ദേശീയതയുടെ ഈ ആദ്ധ്യാത്മികമായ ഉറവുകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അവർ പറയുന്നു, 'ഇന്ത്യ ഒന്നാണ്, അവിഭാജ്യമാണ് എന്നു ഞാൻ വിശ്വസിക്കുന്നു' എന്ന്. ഭാരതീയ ദേശീയത്വത്തെക്കുറിച്ചുള്ള ഈ ആത്മീയസങ്കല്പം, ഭാരതത്തിന്റെ അഖണ്ഡതയിലുള്ള ഈ വിശ്വാസം, ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാർക്ക് ഒരിക്കലും ദഹിച്ചിട്ടില്ല. ഇവരണ്ടിനുമെതിരായി പ്രവർത്തിക്കുന്നതാണ് കമ്മ്യൂണിസ്റ്റുകാരന്റെ കടമയെന്നവൻ വിശ്വസിച്ചു. അതിനാൽ ദേശീയധാരയിൽനിന്നവൻ ഒററപ്പെട്ടു. അയൽരാജ്യമായ ചൈനയിൽ കമ്മ്യൂണിസം അധികാരത്തിൽ വന്ന് ദശാബ്ദങ്ങൾ കഴിഞ്ഞു. ഇവിടെ ഇന്നും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം പിളർന്ന്, ഒരു പ്രാദേശികകക്ഷി മാത്രമായവശേഷിക്കുന്നത്, അവർക്ക് ആദ്ധ്യാത്മികതയിലധിഷ്ഠിതമായ ഭാരതീയ ദേശീയത്വം ഉൾക്കൊള്ളാൻ കഴിയാതെ പോയതുകൊണ്ടാണ്. ഹിന്ദുധർമ്മത്തോട് ഇന്നും അവർ വെച്ചുപുലർത്തുന്ന വൈരാഗ്യം, ഹിന്ദുനശീകരണത്തിന് അവർ കാണിക്കുന്ന വ്യഗ്രത, ഹിന്ദുവിരുദ്ധശക്തികളെ താലോലിക്കാൻ കാണിക്കുന്ന താല്പര്യം എന്നിവ കൈവെടിയാതെ അവർക്കിവിടെ ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കാനാവില്ല.

അപ്പോൾ ഭാരതീയചരിത്രവും പാരമ്പര്യവുമായി, തത്ത്വചിന്തയും ജീവിതദർശനവുമായി, പൊരുത്തപ്പെടാൻ കഴിഞ്ഞിട്ടില്ലെന്നതാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പരാജയം. സെമിററിക് മതങ്ങളുടെ അസഹിഷ്ണുതയും, സത്യത്തിന്റെ കുത്തകകളാക്കാ



ണെന്ന ഔദ്ധത്യവും കൈമുതലായുള്ള കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് ഭാരതചേതനയെ എങ്ങനെ ഉൾക്കൊള്ളാൻ സാധിക്കും? അഥവാ ഉൾക്കൊള്ളാൻ ശ്രമിച്ചാൽ, എല്ലാ ചിന്താധാരകളിലുമുള്ള ഉൽക്കൃഷ്ടാംശങ്ങളെ സ്വാംശീകരിക്കാൻ സാമർത്ഥ്യമുള്ള ഹിന്ദുധർമ്മം ലോകായതികന്മാരെയും ബൗദ്ധന്മാരെയും ചെയ്തതുപോലെ കമ്മ്യൂണിസ്റ്റുകളെയും അതിലെ ഒരു പുതിയ 'സമ്പ്രദായ' (Sect) മായി കാലക്രമത്തിൽ രൂപാന്തരപ്പെടുകയും ചെയ്യും. ഇതാണ്, ഇന്ന് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം നേരിടുന്ന dilemma അഥവാ ധർമ്മസങ്കടം.

★

Scanned by CamScanner

# ഇന്ത്യൻ കമ്മ്യൂണിസം

## നമ്പൂതിരിപ്പാടിൻെറ സ്വന്തം വാക്കുകളിൽ

## മൂന്നു പ്രവണതകൾ

''ഈ രണ്ടു പ്രവണതകളിലൊന്നിൻെറ പ്രതിനിധികളാണ് രാജാറാം മോഹൻറോയ് തൊട്ട് ഏഴെട്ടു തലമുറകളിലായി വളർന്നുവരുന്ന ബൂർഷ്വാ ലിബറൽ രാഷ്ട്രീയക്കാർ.

ഈ പ്രവണതയ്ക്കു നേരേ എതിരായി ബ്രിട്ടീഷ് ഭരണം അവസാനിപ്പിച്ച് ഇന്ത്യക്കു തനതായുണ്ടായിരുന്ന പഴയ സമൂഹവും സംസ്കാരവും പുനരുജ്ജീവിപ്പിക്കണമെന്നാഗ്രഹിക്കുന്നവരുടേതാണ് എടുത്തുപറയേണ്ട രണ്ടാമത്തെ പ്രവണത. കേരളത്തിൻെറ വേലുത്തമ്പിയും പഴശ്ശിയും മുതൽ ഉത്തരേന്ത്യയിലെ ഝാൻസിറാണിവരെയുള്ള സായുധസമര നായികാനായകന്മാർ തൊട്ട് ഇന്നത്തെ ഹിന്ദുരാഷ്ട്രവാദക്കാർ വരെയുള്ളവർ ഇതിൽപെടും.

ഈ രണ്ടു പ്രവണതകൾക്കുമെതിരായി ആധുനിക ജനാധിപത്യം, യുക്തിവാദവും രാഷ്ട്രീയചിന്താഗതിയും തൊഴിലാളികർഷകാദി ബഹുജനങ്ങളുടെ താല്പര്യസംരക്ഷണം മുതലായവയെ ആസ്പദമാക്കിയ ഒരു പ്രസ്ഥാനവും അതിൻെറ കാഴ്ചപ്പാടുമാണ് മാർക്സ് ഇന്ത്യയിലെ വിപ്ലവകാരികളായ ബഹുജനങ്ങൾക്ക് തൻെറ ഒസ്യത്തായി നൽകിയത്.''

—കേരളചരിത്രവും സംസ്കാരവും
ഒരു മാർക്സിസ്റ്റുവീക്ഷണം.

Scanned by CamScanner

കുരുക്ഷേത്ര
പ്രകാശൻ